# സുനീതി

ത്രൈമാസ വാർത്താപത്രിക

സാമൂഹ്യനീതി വകുപ്പ് പ്രസിദ്ധീകരണം

SOCIAL JUSTICE DEPARTMENT
care, protection & empowerment

ലക്കം 10
ജൂലൈ 2021




ഡിജിറ്റൽ
പതിപ്പിനായി
ക്യൂ. ആർ. കോഡ്
സ്കാൻ ചെയ്യുക



**അഞ്ജന എം. ഐ എ എസ്**
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്

സമൂഹത്തിലെ അനാഥരും, അഗതികളും, പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വലിയൊരു വിഭാഗത്തെ സ്വാശ്രയത്വത്തിലേക്കും, മുഖ്യധാരയിലേക്കും എത്തിക്കുക എന്ന ശ്രമകരമായ ഉത്തരവാദിത്വമാണ് സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ, ട്രാൻസ്ജെൻഡർ വ്യക്തികൾ എന്നിവരെ സാമൂഹ്യനീതി വകുപ്പിന്റെ സംരക്ഷണ വലയത്തിനകത്ത് എല്ലാ അവകാശ സംരക്ഷണങ്ങളും ഉറപ്പു വരുത്തി മുഖ്യധാരാവൽക്കരണം സാധ്യമാക്കേണ്ടതുണ്ട്. ഈ ഒരു ലക്ഷ്യ സാക്ഷാത്ക്കരണത്തിനായി ഒട്ടേറെ പദ്ധതികൾ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികൾ പൂർണ്ണമായും പ്രയോജനം കാണുന്നതിന് പൊതു സമൂഹത്തിന്റെ കൂട്ടായ സഹകരണം ആവശ്യമാണ്. ഇതിനായി ഒട്ടേറെ ബോധവൽക്കരണ ക്യാമ്പയിനുകളും സംഘടിപ്പിക്കുന്നുണ്ട്. എന്നിരുന്നാലും ഇനിയും നമ്മുടെ പ്രവർത്തന മേഖല വിപുലമാക്കുന്നതിനുള്ള നടപടികൾ ഓരോരുത്തരും സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ വിജയകരമായ നടത്തിപ്പിന് വകുപ്പ് പ്രസിദ്ധീകരിക്കുന്ന സുനീതി ത്രൈമാസികയുടെ സ്വാധീനം ചെറുതല്ല. നാം കൈകാര്യം ചെയ്യുന്ന പാർശ്വവൽകൃത സമൂഹത്തിന്റെ കലാപരമായ സൃഷ്ടികൾ കൂടി ഉൾപ്പെടുത്തി കെട്ടിലും മട്ടിലും സുനീതി ത്രൈമാസികയെ ഇനിയും ജനകീയമാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരാം.

ആശംസകളോടെ

എം.അഞ്ജന ഐ.എ.എസ്.

## ഉള്ളടക്കം


ലഹരിക്കെതിരെ കൈകോർക്കാം....3
മാതൃകയാക്കാം ഈ സ്ഥാപനങ്ങളെ....5
കവിത....6
ആകാശം പുതിയ പ്രതീക്ഷ....7
ഓണസ്മരണ (കവിത)....8
ട്രാൻസ് ജെൻഡർ ക്ഷേമം....9
പ്രവർത്തന റിപ്പോർട്ട്....10
സെറിബ്രൽ പാൾസി - സഹായ ഉപകരണങ്ങൾ....14
'സഹജീവനം'....15
ശ്രേഷ്ഠം പദ്ധതി....18
മറക്കാത്ത ജീവിതക്കാഴ്ചകൾ....19
നല്ല നടപ്പ് സംവിധാനത്തെക്കുറിച്ചുള്ള
താലൂക്ക് തല അവബോധ പരിപാടികൾ....20






Chief Editor

**Anjana M. IAS**
Director, Social Justice Department
Executive Director, NISH

Editorial board

**Jalaja S.**
**Harikumaran Nair A.K.**
**Jayakumar P.**
**Chandrababu C.**
**Swapna P.**
**Kishor S. J.**
**Subhash Kumar K.V.**
**Harikumar R. S.**
**Moideen Kutty K.**
**Rineesh P.**
**Sapna K.**
**Renjith R. P.**

Editing | **Sapna K.** In-charge

Design & Layout | **Swapna P.,** Sr Graphic Artist

Centre for Communication & Media Development (CCMD), NISH



ഡോ. ആർ. ബിന്ദു
ഉന്നതവിദ്യാഭ്യാസവും
സാമൂഹ്യനീതിയും വകുപ്പ് മന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം

തീയതി........................
(20.09.2021)

## 'സുനീതി' ത്രൈമാസ വാർത്താപത്രികയ്ക്ക്

തുടർച്ചയായി വികസിച്ചുകൊണ്ടേയിരിക്കുന്ന സങ്കൽപ്പനം കൂടിയാണ് സാമൂഹ്യനീതി.

സാമൂഹ്യനീതി എന്ന ആശയം ആദ്യമായി ഐക്യരാഷ്ട്രസംഘടനാരേഖകളിൽ വരുന്നത് കഴിഞ്ഞ നൂറ്റാണ്ടിന്റെ പകുതിക്കും ശേഷമാണെന്നത് ഇന്ന് നമുക്ക് അവിശ്വസനീയമായി തോന്നാം. സോവിയറ്റ് യൂണിയന്റെ മുൻകൈയിൽ, ഇന്ത്യയടക്കമുള്ള വികസ്വരരാഷ്ട്രങ്ങളുടെ പിന്തുണയോടെ നടന്ന ശ്രമമാണ് സാമൂഹ്യപുരോഗതിയും വികസനവും സംബന്ധിച്ച യുഎൻ പ്രഖ്യാപനത്തിൽ (1969) ആ സങ്കൽപ്പനത്തിന് ഇടംനേടിക്കൊടുത്തത്.

സാമൂഹ്യനീതി അർഹിക്കുന്ന ജനവിഭാഗങ്ങളുടെ അഭാവമല്ല അന്നുവരേക്കും ആ സങ്കൽപ്പനം സ്വീകരിക്കപ്പെടാതിരുന്നതിനു കാരണമെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. പൊതുദൃശ്യതയിലേക്ക് ആ ആശയത്തെ കൊണ്ടുവരാനുള്ള ബോധപൂർവ്വമായ പരിശ്രമം അന്നുണ്ടായി, അത് ഫലം കാണുകയും ചെയ്തു അതാണുണ്ടായത്.

ഇന്ന്, ഭിന്നശേഷിക്കാർ മുതൽ ട്രാൻസ്ജെൻഡർ ജനത വരെയുള്ള വിപുലമായ വിഭാഗങ്ങൾ സാമൂഹ്യനീതിയ്ക്കു പുറത്തുണ്ടെന്ന കാഴ്ചപ്പാടിലേക്കും, ഇവർക്കുള്ള സാമൂഹ്യസുരക്ഷാപദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പാക്കുന്നതിലേക്കും നാം എത്തിച്ചേർന്നിട്ടുണ്ട്. അതേസമയം, സാമൂഹ്യനീതിയ്ക്ക് അകത്തേയ്ക്ക് കൊണ്ടുവന്നുവെന്ന് നാം ധരിക്കുന്ന ഇതേ വിഭാഗങ്ങളുടെ സാമൂഹികവും ജനാധിപത്യപരവുമായ ആവശ്യങ്ങളെക്കുറിച്ചുള്ള പൊതു അവബോധം ഇപ്പോഴും പൂർണ്ണമാണെന്ന് കരുതിക്കൂടാ. സാമൂഹ്യനീതിയെന്ന ദർശനത്തിന്റെ പരിധിയിലേക്ക് ഇനിയൊരു വിഭാഗവും വരാനില്ലെന്നും കരുതിക്കൂടാ.

സാമൂഹ്യനീതി അവകാശമായിട്ടുള്ളവർക്ക് ഇന്നുമത് മുഴുവനായും പ്രാപ്യമായിട്ടില്ലെന്ന അവബോധം പൊതുസമൂഹത്തിൽ ദൃഢപ്പെടുത്തുക ഒപ്പംതന്നെ, നീതി തേടിക്കൊണ്ടിരിക്കുന്ന കൂടുതൽ വിഭാഗങ്ങളിലേക്ക് കണ്ണെത്തിക്കുകയും ചെയ്യുക - ഇതാകണം 'സുനീതി'യുടെ ലക്ഷ്യം.

ഈ കോവിഡാനന്തരകാലം സാമൂഹ്യനീതിയുടെ കൂടുതൽ കിരണങ്ങൾ എത്തിച്ചേരേണ്ട ഇരുൾമൂലകളെ സൃഷ്ടിച്ചിട്ടുണ്ട്. അവയിലെല്ലാം എത്താനും അവിടുത്തെ സ്പന്ദനങ്ങളെ പ്രതിഫലിപ്പിക്കാനും, നീതിയുടെ നാവും ഹൃദയവുമായി 'സുനീതി' നിലകൊള്ളണം. ഉള്ളടക്കവും, ജനങ്ങളിൽ 'സുനീതി'യുടെ ശബ്ദം എത്തിക്കുന്ന രീതികളും പുതിയ കാലത്തിനൊത്ത് പുനഃസംവിധാനം ചെയ്യുകയും വേണം.

ഡോ. ആർ ബിന്ദു

ഓഫീസ് : റൂം നമ്പർ 301, അനക്സ്-2
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 0471-2327574 വസതി : 0471-2334133 മൊബൈൽ : 9447741385
ഇ-മെയിൽ : r.bindu@kerala.gov.in minhednsjd@gmail.com

നമ്മൾ കോവിഡ് മഹാമാരിയോട് സന്ധിയില്ലാ പോരാട്ടത്തിലേർപ്പെട്ട ദിനങ്ങളാണ് കടന്നു പോയതെങ്കിലും തെല്ലൊരാശ്വാസത്തിന് വക നൽകുന്ന സൂചനകളാണ് കാണാൻ സാധിക്കുന്നത്. ഇതിനിടയിലും അവിശ്രമം പ്രയത്നിച്ചതിനു ഫലമുണ്ടായതിൽ കൃതാർത്ഥരാണ്. രാജ്യത്ത് ആകെ നിരാമയ ഇൻഷൂറൻസ് ഗുണഭോക്താക്കളായി 100891 പേരാണ് ഉള്ളത്. ഇതിൽ 69517 പേരും കേരളത്തിലാണ് (69.5%) എന്നതും ലീഗൽ ഗാർഡിയൻഷിപ്പ് രാജ്യത്താകെ 17972 പേർക്ക് ലഭ്യമാക്കിയപ്പോൾ ഇതിൽ 11960 കേരളത്തിലാണെന്നതും (66.55%) നമ്മുടെ നേട്ടമാണ്. മുതിർന്ന പൗരന്മാർക്ക് നൽകുന്ന സേവനത്തിന് 2021-ലെ വയോശ്രേഷ്ഠ സമ്മാൻ ദേശീയ അവാർഡ് കേരളത്തിന് ലഭിച്ചതിൽ സന്തോഷമുണ്ട്. ഇതിനായി പ്രയത്നിച്ച എല്ലാവർക്കും അഭിനന്ദനം അറിയിക്കുന്നു.

കോവിഡ് കാലത്ത് വീടുകളിൽ കഴിയേണ്ടി വന്നതിനാൽ മാനസികമായ സംഘർഷം അനുഭവിക്കുന്ന ഭിന്നശേഷിക്കാർക്കും അവരുടെ രക്ഷിതാക്കൾക്കും കൈത്താങ്ങാകുന്നതിനും മാനസിക പിന്തുണ ഉറപ്പു വരുത്തുന്നതിനുമായി മറ്റു വകുപ്പുകളുടെ കൂടി സഹകരണത്തോടെ ആരംഭിച്ച സഹജീവനം ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാർക്കും പ്രയോജനം ചെയ്യുന്ന തരത്തിൽ ആരംഭിച്ച് മുന്നോട്ടു കൊണ്ട് പോകുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. സ്പെഷ്യൽ സ്കൂളുകളിലേയും, ബഡ്സ് സ്കൂളുകളിലേയും സമഗ്ര ശിക്ഷാ കേരളയിലെയും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിലൂടെ ഒരു വളണ്ടിയർ ഒരു ദിവസം അഞ്ച് ഭിന്നശേഷിക്കാരെ ബന്ധപ്പെടുന്നതിനുള്ള പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ മൂവായിരത്തോളം വളണ്ടിയർമാരാണ് സഹജീവനത്തോടൊപ്പം ചേർന്നു നിൽക്കുന്നതിന് സന്നദ്ധരായി മുന്നോട്ട് വന്നിരിക്കുന്നത്. കേരളത്തിന്റെ ഭിന്നശേഷി മേഖലയിൽ മാതൃകയാകുന്ന പദ്ധതി ബഹു. മുഖ്യമന്ത്രി നാടിനു സമർപ്പിക്കുകയും ചെയ്തു.

ട്രാൻസ്ജെൻഡർ വ്യക്തികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കുന്നതിനുമായി വിദ്യാഭ്യാസ ആരോഗ്യ പദ്ധതികൾക്ക് മുൻതൂക്കം നൽകി, സമൂഹത്തിന്റെ എല്ലാ മേഖലകളിലേക്കും അവസരങ്ങൾ ഒരുക്കിക്കൊണ്ട് വിവിധങ്ങളായ പദ്ധതികളാണ് സർക്കാർ സാമൂഹ്യ നീതി വകുപ്പ് വഴി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ആദ്യ പടിയായി സർക്കാർ സംവിധാനങ്ങളിലും സമൂഹത്തിന്റെ വ്യത്യസ്ത തലങ്ങളിലും വിവിധങ്ങളായ ബോധവൽക്കരണ പരിപാടികളാണ് ഈ വർഷം ആസൂത്രണം ചെയ്തിരിക്കുന്നത്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ സംരക്ഷണ നിയമം 2019, സംസ്ഥാന ട്രാൻസ്ജെൻഡർ നയം, നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ, പദ്ധതികൾ എന്നിവയെക്കുറിച്ചും, ജൻഡർ സംബന്ധമായ അവബോധം നൽകുന്നതിനുമായി സ്കൂൾ അദ്ധ്യാപകർ, ഡോക്ടർമാർ, പോലീസ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ മുതലായവർക്ക് സമഗ്രമായ ബോധവൽക്കരണ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

സുനീതിയുടെ 10-ാം ലക്കം വിജ്ഞാനപ്രദവും വിനോദദായകവും ആയിത്തീരട്ടെയെന്ന് ആശംസിക്കുന്നു.

റാണി ജോർജ്ജ് IAS
പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്.






# ലഹരിക്കെതിരെ കൈകോർക്കാം

## ലഹരി വിമുക്ത എറണാകുളം

നശാ മുക്ത് ഭാരത് അഭിയാൻ പ്രവർത്തന റിപ്പോർട്ട്

എറണാകുളം ജില്ലാ സാമൂഹ്യ നീതി വകുപ്പ്

കേന്ദ്ര സർക്കാരിന്റെ നശാ മുക്ത് പദ്ധതിയിൽ പ്രതിപാദിച്ചിരിക്കുന്ന മാർഗനിർദേശങ്ങൾക്ക് അനുസൃതമായി 12/ 08/ 2020 ൽ A D M ന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 11 അംഗ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ജില്ലയിലെ എല്ലാ പ്രധാന വകുപ്പുകളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും ലഹരി വിമുക്തി കേന്ദ്രങ്ങളിൽ നിന്നുമുള്ള പ്രതിനിധികളാണ് കമ്മിറ്റി അംഗങ്ങൾ. പിന്നീട് ജില്ലാ സാമൂഹ്യ നീതി വകുപ്പ് തയ്യാറാക്കിയ കർമ്മപരിപാടി സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ സമർപ്പിക്കുകയും അനുമതി ലഭിക്കുകയും ചെയ്തു . 2021 ജനുവരി 6 ന് ചേർന്ന ജില്ലാതല കമ്മിറ്റി തുടർ പ്രവർത്തനങ്ങളെക്കുറിച്ചു വിശദമായ ചർച്ച നടത്തുകയും ജില്ലാ സാമൂഹ്യ നീതി ഓഫിസറെ മുഖ്യ കോർഡിനേറ്ററായും ശ്രീ ഫ്രാൻസിസ് മൂത്തേടനെയും (പ്രോജക്ട് ഡയറക്ടർ , M M M ലഹരി വിമുക്തി കേന്ദ്രം , M O S C മെഡിക്കൽ കോളേജ് ആശുപത്രി, കോലഞ്ചേരി & അന്താരാഷ്ട്ര ലഹരി ചികിത്സാ കൗൺസലർ), ഡോ . അനീഷ് കെ ആർ (അസിസ്റ്റന്റ് പ്രൊഫസർ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്) എന്നിവരെ കോർഡിനേറ്റർമാരായും തെരഞ്ഞെടുത്തു.



### ഉദ്ഘാടനം

നശാ മുക്ത് പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 2021 ജനുവരി മാസം 22 ന് ജില്ലാ കളക്ടർ ശ്രീ . സുഹാസ് I A S ഔദ്യോഗികമായി നിർവഹിച്ചു.

### പരിശീലന പരിപാടികൾ

നശാ മുക്ത് പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുക എന്ന ഉദ്ദേശത്തോടെ തിരഞ്ഞെടുക്കപ്പെട്ട നൂറോളം മാസ്റ്റർ വോളന്റിയർമാർക്ക് രണ്ട് ഘട്ടങ്ങളിലായി പ്രത്യേക പരിശീലനം സംഘടിപ്പിച്ചു. കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസലർമാർക്കും പ്രത്യേക പരിശീലനം നൽകി



### ബോധവൽക്കരണ ക്ലാസുകൾ

മാസ്റ്റർ വോളന്റിയർമാരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ, മാതാപിതാക്കൾ, എക്സ്സൈസ്, പോലീസ് സ്റ്റാഫ് അംഗങ്ങൾ, കുടുംബശ്രീ അംഗങ്ങൾ, മറ്റ് മേഖലകളിൽ പ്രവർത്തിക്കുന്ന വ്യക്തികൾ എന്നിവർക്ക് വേണ്ടി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു .ക്ലാസുകൾ ഓൺലൈൻ ആയും മുഖാമുഖമായും നടത്തി. ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ പൊതുജനങ്ങൾക്കായി പ്രത്യേകം ക്ലാസ്സുകളും സംഘടിപ്പിച്ചു.



പരിശീലനം ലഭിച്ച കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസലർമാരുടെ നേതൃത്വത്തിൽ കുടുംബശ്രീ അംഗങ്ങൾക്കും ബാലസഭാ അംഗങ്ങൾക്കുമായി പ്രത്യേക ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു.

## വിവിധ യോഗങ്ങൾ

ജില്ലയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽ സോഷ്യൽ വർക്ക് കോളേജുകളിലെ മേധാവികൾ, വയോമിത്രം കോർഡിനേറ്റർമാർ, ജില്ലാ ശിശു വികസന പദ്ധതി ഓഫീസർമാർ, കുടുംബശ്രീ, ബാലസഭാ കൗൺസലർമാർ, നശാ മുക്ത് ഭാരത് അഭിയാൻ ജില്ലാ കമ്മിറ്റി അംഗങ്ങൾ, മാസ്റ്റർ വോളന്റിയർമാർ എന്നിവരുടെ കൂടിയാലോചനാ യോഗങ്ങളും പുനരവലോകന യോഗങ്ങളും നടത്തിവരുന്നു .

## ഡോക്യൂ ഫിക്ഷൻ


ലഹരിയുടെ ദുരുപയോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഡോക്യൂ ഫിക്ഷൻ വീഡിയോ തയ്യാറാക്കി വരുന്നു.

## വിവിധ മത്സരങ്ങൾ

വ്യത്യസ്തങ്ങളായ തനത് കലാരൂപങ്ങളിലൂടെ ലഹരിയുടെ ദുരുപയോഗത്തെക്കുറിച്ച് പൊതു സമൂഹത്തെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനുമായി ചിത്രരചനാ മത്സരം , പ്രസംഗ മത്സരം , ട്രോൾ മേക്കിങ് മത്സരം, നവമാധ്യമ പ്രചാരണ മത്സരം, തീം ഡാൻസ് മത്സരം എന്നിവ സംഘടിപ്പിച്ചു വരുന്നു.

## ദേശിയ വെബ്ബിനാർ

ലോക ലഹരിവിരുദ്ധ ദിനമായ ജൂൺ 26 ന് കേരള അസോസിയേഷൻ ഓഫ് പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സ് (K A P S) ജില്ലാ ഘടകത്തിന്റെ സഹകരണത്തോടെ ദേശിയ വെബ്ബിനാർ സംഘടിപ്പിച്ചു. ദേശീയ സെമിനാറിന്റെയും ലഹരിവിരുദ്ധ ദിനാചരണത്തിന്റെയും ഉദ്ഘാടനം ബഹുമാനപ്പെട്ട സാമ്യൂഹ്യ നീതിവകുപ്പിന്റെയും ഉന്നത വിദ്യാഭ്യാസത്തിന്റെയും ചുമതല വഹിക്കുന്ന മന്ത്രി ഡോ. ആർ ബിന്ദു നിർവഹിച്ചു.



## ബ്ലോക്ക്, മുൻസിപ്പൽതല കമ്മിറ്റി രൂപീകരണം

വയോമിത്രം കോർഡിനേറ്റർമാരുടെയും, ജില്ലാ ശിശു വികസന പദ്ധതി ഓഫീസർമാരുടെയും നേതൃത്വത്തിൽ ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും, മുൻസിപ്പാലിറ്റികളിലും, കോർപ്പറേഷനിലും നാശാ മുക്ത് ഭാരത് അഭിയാൻ പ്രവർത്തനങ്ങൾക്കായി പ്രത്യേകകമ്മിറ്റികൾ രൂപീകരിച്ചു വരുന്നു.

## ലഘു വീഡിയോ പ്രദർശനം

സമൂഹത്തിലെ അറിയപ്പെടുന്ന കലാകാരന്മാർ ,സാഹിത്യകാരന്മാർ, സാമൂഹ്യ പ്രവർത്തകർ, മറ്റ് പൗര പ്രമുഖർ എന്നിവർ നൽകുന്ന സന്ദേശങ്ങൾ ലഘു വീഡിയോകളായി ചിത്രീകരിച്ചു പൊതുജനങ്ങൾക്കായി പ്രദർശിപ്പിച്ചു വരുന്നു .


## പണിപ്പുരയിൽ

**അന്തർദേശീയ സെമിനാർ**

നശാ മുക്ത് പ്രവർത്തനങ്ങളുടെ ഭാഗമായി മദ്യ മയക്കുമരുന്ന് വിരുദ്ധമേഖലകളിൽ പ്രവർത്തിക്കുന്ന പ്രമുഖരെ പങ്കെടുപ്പിച്ചുകൊണ്ട് അന്തർദേശീയ വെബ്ബിനാർ നടത്തുന്നതാണ്.

**ലഘുലേഖ, പോസ്റ്റർ പ്രസിദ്ധീകരണം**

മദ്യ മയക്കുമരുന്നുകളുടെ ദുരുപയോഗത്തെക്കുറിച്ചും അത് വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനും ഉണ്ടാക്കിയേക്കാവുന്ന ഭവിഷ്യത്തുകളെക്കുറിച്ചും പൊതു സമൂഹത്തെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ ലഘുലേഖകളും പോസ്റ്ററുകളും തയ്യാറാക്കി വരുന്നു .







ലഹരി വിമുക്ത ദിനാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പോസ്റ്റർ രചനാ മത്സരത്തിൽ സമ്മാനാർഹമായ പോസ്റ്ററുകൾ.

മാതൃകയാക്കാം ഈ സ്ഥാപനങ്ങളെ




# ഗവ:ആശാഭവൻ
## (സ്ത്രീകൾ)

മാനസികരോഗ വിമുക്തരും ബന്ധുക്കൾ ഏറ്റെടുക്കാത്ത വരുമായ, സ്ത്രീകളുടെ പുനരധിവാസ കേന്ദ്രമാണ് കോഴിക്കോട് ഗവ:ആശാഭവൻ (സ്ത്രീകൾ). 1991 ൽ 50 താമസക്കാരുമായാണ് ഈ സ്ഥാപനം ആരംഭിച്ചത്. താമസക്കാരുടെ എണ്ണം കൂടുതലായതിനെ തുടർന്നു 2009 ൽ മാനേജ്മെൻറ് കമ്മിറ്റിയുടെ കീഴിൽ സൈക്കൊ സോഷ്യൽ പ്രോജെക്റ്റ് ആയ കെയർ ഹോം തുടങ്ങുകയും അതിൻ പ്രകാരം 25 പേരെകൂടി താമസിപ്പിക്കാനുള്ള സൗകര്യം ലഭ്യമാകുകയും ചെയ്തു. നിലവിൽ ഈ സ്ഥാപനത്തിൽ 71 താമസക്കാരുണ്ട്. ജില്ലാ കലക്ടർ ചെയർമാനായും ജില്ലാ സാമൂഹ്യനീതി ഓഫീസർ വൈസ് ചെയർമാനായുമുള്ള ഒരു മാനേജ്മെൻറ് കമ്മിറ്റിയാണ് പദ്ധതി കൈകാര്യം ചെയ്യുന്നത്

സ്ഥാപനത്തിലെ താമസക്കാർ 25 നും 80 നും ഇടയിൽ പ്രായമുള്ളവരാണ്. 29 പേർ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. താമസ സൗകര്യത്തോടൊപ്പം മെഡിസിൻ കവർ നിർമ്മാണം, പാവ നിർമ്മാണം, കുട നിർമ്മാണം ഫാബ്രിക് പെയിൻറിംഗ്, ചവിട്ടി നിർമ്മാണം തുടങ്ങിയ തൊഴിൽ യൂണിറ്റുകളും സ്ഥാപനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. താമസക്കാർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ എക്സിബിഷനുകളിലൂടെയും സ്റ്റാളുകളിലൂടെയും വിപണനം നടത്തി ലഭ്യമാകുന്ന തുക താമസക്കാരുടെ അക്കൗണ്ടുകളിൽ നിക്ഷേപിച്ചു വരുന്നു. നാളിതുവരെ 86 പേരെ സ്വദേശത്ത് എത്തിക്കാൻ സാധിച്ചു. കൂടാതെ ഇവരുടെ മാനസികോല്ലാസത്തിനായി വിനോദയാത്രകളും, ഓണം വിഷു തുടങ്ങിയ ആഘോഷങ്ങളും വിപുലമായി സംഘടിപ്പിക്കാറുണ്ട്. 2021 ജനുവരി മുതൽ മാർച്ച് 31 വരെയുള്ള കാലയളവിൽ താമസക്കാർക്കായി മാനസിക ഉല്ലാസപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. കൂടാതെ തൊട്ടടുത്തുള്ള കോളേജിൽ നിന്നും സോഷ്യൽ വർക്ക് വിഭാഗത്തിലെ വിദ്യാർത്ഥികൾ വരുകയും താമസക്കാർക്ക് വേണ്ടി വിനോദപരിപാടികൾ നടത്തുകയും ചെയ്തു. കോവിഡ് 19 നിയന്ത്രണങ്ങൾ ഉള്ളതിനാൽ കൂടുതൽ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും താമസക്കാർക്ക് കലാ മത്സരങ്ങൾ നടത്തുകയും കഴിവുകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.



**ലക്ഷ്യങ്ങൾ:**

- ☐ മാനസികാരോഗ്യകേന്ദ്രങ്ങളിൽ നിന്ന് ഡിസ്ചാർജ് ചെയ്ത ശേഷം മാനസികരോഗികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു സംവിധാനം നൽകുക.
- ☐ നെറ്റ് വർക്കിംഗ് വഴി താമസക്കാരെ അവരവരുടെ വീട്ടിലേക്കും, സമൂഹത്തിലേക്കും പുനരധി വസിപ്പിക്കുക.
- ☐ കുടുംബാംഗങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കുന്നതിനുള്ള അവസരം ഒരുക്കുക.
- ☐ ഓരോരുത്തരുടെയും മതപരമായ ആചാരങ്ങൾ, ഭക്ഷണം എന്നിവ ഉറപ്പുവരുത്തുക.
- ☐ സാമൂഹിക നീതി, തുല്യത, തൊഴിൽ അവസരങ്ങൾ എന്നിവ ഉറപ്പാക്കുക.
- ☐ ഭിന്നശേഷിക്കാരെ ശാക്തീകരിക്കുക

## സുനന്ദാബിയുടെ പുനരധിവാസം

കോഴിക്കോട് ഗവ: മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നും 2018 നവംബർ 16 നാണ് സുനന്ദാബിയെ ആശാഭവനിൽ പ്രവേശിപ്പിച്ചത്. സുനന്ദാബി ബീഹാർ സ്വദേശിയാണെന്നും വിവാഹിതയും 4 മക്കളുടെ അമ്മയുമാണെന്നും അറിയാൻ കഴിഞ്ഞു.

ഇവരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വദേശം കണ്ടെത്തുകയും അവിടുത്തെ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടുകയും ചെയ്തു. ആയിടയ്ക്ക് ആശാഭവൻ സന്ദർശിച്ച കോഴിക്കോട് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലെ ജീവനക്കാർ സുനന്ദാബിയുടെ 2 കുട്ടികൾ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിൽ ഉണ്ടെന്ന് അറിയിച്ചു. തുടർന്ന് സാമൂഹ്യ പ്രവർത്തകനായ ശ്രീ. ശിവൻ കോട്ടൂളിയുടെ ശ്രമഫലമായി സുനന്ദാബിയുടെ ഭർത്താവുമായി സംസാരിക്കുകയും ഭർത്താവും ഭർതൃ സഹോദരനും ഇവിടെ എത്തുകയുംചെയ്തു.

സുനന്ദാബി 2018 ൽ രണ്ട് കുട്ടികളുമായി വീട്ടിൽ നിന്നും ഇറങ്ങി പോന്നതാണെന്നും രണ്ട് കുട്ടികൾ ബീഹാറിൽ ഉണ്ടെന്നും ഇവർ അറിയിച്ചു. തുടർന്ന് DCPO മജിസ്ട്രേറ്റിനു മുന്നിൽ ഹാജരാക്കിയ ശേഷം 2021 ജനുവരി 15 ന് സുനന്ദാബിയെ ഭർത്താവിനോടും മക്കളോടും ഒന്നിച്ച് സ്വദേശത്തിലേക്ക് പുനരധിവസിപ്പിച്ചു.



എരിയുന്ന ചുണ്ടിലെ അടുപ്പിൽ നിന്നും പുകയുന്ന തീ
ആളിക്കത്തുന്നു....
അത്, മിഴികളിലൂടെ ഹൃദത്തിലേക്ക് ആഴ്ന്നിറങ്ങി നല്ലതിൽ ചെന്ന് അവസാനിക്കട്ടെ...

അല്ലയോ മർത്ത്യാ...
നീ വലിച്ചു ചുരുക്കിയതും
കുടിച്ചു തീർത്തതും
മണത്തൊതുക്കിയതും
മനസ്സിന്റെ താളിൽ മയിൽപ്പീലി തുണ്ടുപോലെ
കാത്തുസൂക്ഷിച്ചവരുടെ പ്രതീക്ഷയും, നിൻ സ്വപ്നങ്ങളെയുമല്ലോ..!

വേണ്ട വേണ്ടായെന്നോതുക ലഹരികൾ
ഒരിക്കലായല്ല ഇന്നേയ്ക്കല്ല എന്നന്നേക്കുമായി...
ഒരു തവണയൊന്നവയേ നുണഞ്ഞാൽ മെല്ലെ മെല്ലയതോ
നമ്മെ പാടെ വിഴുങ്ങും.
അമ്മയേ പോലും കൊന്നുതൂക്കീടും കാട്ടാളനോ ലഹരി.
അച്ഛനേ പോലും ചുമരിൽ തൂക്കാൻ കെൽപ്പുള്ള നീചനല്ലോ
ഈ ലഹരി.
ബന്ധങ്ങളേതും മറന്നിട്ട് ചെയ്യുന്ന കർമ്മങ്ങളോരോന്നും
പാപങ്ങളായി മാറും.....

സമയമിനിയും അവസാനിച്ചിട്ടില്ല നല്ല കർമ്മങ്ങളെ
ബോധപൂർവ്വം മുന്നോട്ടു നീക്കാനായ്... ! എല്ലാം നല്ലതിൽ ചെന്ന് അവസാനിക്കട്ടെ.. !

ശ്രുതിലയ എം. എം

ബി.എ. മലയാളം
ഗവ.ബ്രണ്ണൻ കോളേജ്,
തലശ്ശേരി

(ലഹരി വിമുക്ത ദിനാചരണത്തോടനുബന്ധിച്ച് വയനാട് ജില്ലാ സാമൂഹ്യ നീതി ഓഫീസ് സംഘടിപ്പിച്ച കവിതാ രചനാ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കവിത)

# ആകാശം പുതിയ പ്രതീക്ഷ:

## ആദം ഹാരിയുമായുള്ള അഭിമുഖം



**?** ആദമിന്റെ കുട്ടിക്കാലത്തെക്കുറിച്ചുള്ള ഓർമകൾ പങ്കുവെയ്ക്കാമോ? ആദം ട്രാൻസ്‌ജെൻ ആണെന്ന് തിരിച്ചറിഞ്ഞ സമയം സ്കൂളിൽ നിന്നും വീട്ടിൽ നിന്നും പിന്തുണ ലഭിച്ചിരുന്നോ?

▶ ചെറുപ്പം മുതലേ ഞാൻ ഒരു ആൺകുട്ടി ആണെന്ന തോന്നൽ എന്നിൽ ഉണ്ടായിരുന്നു. തെറ്റായ ശരീരത്തിൽ വന്നു പിറന്നു എന്ന തോന്നൽ ശക്തമായിരുന്നു എന്റെ സ്വഭാവരീതികൾ വീട്ടുകാർ ശ്രദ്ധിച്ചിരുന്നു കാരണം ആൺകുട്ടികളുടെതുപോലെ ആയിരുന്നു എന്റെ പെരുമാറ്റവും പ്രവർത്തിയും. ആദ്യം അവർ അതൊന്നും കാര്യമായെടുത്തില്ല പുറത്തു പോകുമ്പോൾ ഏറെ കളിയാക്കലുകളും ഏറ്റിരുന്നു. ഞാനെന്തു കൊണ്ട് ഇങ്ങനെ പെരുമാറുന്നു നടക്കുന്നു എന്നതൊക്കെയായിരുന്നു സമൂഹത്തിന്റെ പ്രശ്നം. പ്ലസ്ടുവിന് പഠിച്ചിരുന്നപ്പോൾ സൈക്കോളജിസ്റ്റിന്റെ അടുത്ത് എന്നെ കൊണ്ടുപോകുമായിരുന്നു. ട്രാൻസ്‌ജെൻഡർ എന്ന വ്യക്തിത്വം മനസ്സിലാക്കുന്നത് എട്ട്, ഒൻപത് ക്ലാസ്സുകളിൽ വച്ചാണ്. എന്റെ മനസ്സുള്ള വേറെയും വ്യക്തികൾ ഉണ്ടെന്നും അവരും ട്രാൻസ്‌ജെൻഡർ ആണെന്നു മനസ്സിലാക്കിയതും അപ്പോഴാണ്.

**?** പൈലറ്റ് ആകാൻ ജൊഹാനാസ്ബർഗിലേയ്ക്ക് പോയിരുന്നല്ലോ അവിടുത്തെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു?

▶ പൈലറ്റ് ആകണമെന്നുള്ളത് കുട്ടിക്കാലം മുതൽക്കേയുള്ള ആഗ്രഹമായിരുന്നു. ഒരു കുടുംബ സുഹൃത്താണ് ജോഹന്നാസ്ബർഗിലെ പ്രൈവറ്റ് പൈലറ്റ് ട്രെയിനിങ് സാധ്യതയെ കുറിച്ച് പറഞ്ഞത്. ഓർത്തഡോക്സ് മുസ്ലിം ആയതിനാൽ ആദ്യം തന്നെ വീട്ടിൽ നിന്നും എതിർപ്പുണ്ടായിരുന്നു. ഒരു പെൺകുട്ടിയെ എങ്ങനെ മറ്റൊരു രാജ്യത്തേക്ക് പഠിക്കാൻ വിടും എന്നതായിരുന്നു പ്രശ്നം. എന്നാൽ എന്റെ ആഗ്രഹത്തെ മറ്റു ബന്ധുക്കളൊക്കെ പിന്തുണച്ചിരുന്നു. പഠിക്കാൻ സെലക്ഷൻ കിട്ടിയതും എല്ലാവർക്കുമറിയാമായിരുന്നു. അതുകൊണ്ട് വീട്ടുകാർക്ക് എന്നെ വിടാതെ വേറെ നിവൃത്തിയില്ലാതായി. അങ്ങനെ പ്ലസ് ടു കഴിഞ്ഞ് പതിനേഴാം വയസ്സിൽ ട്രെയിനിങ്ങിന് ജോഹന്നാസ് ബർഗിൽ പോയി. ഒരു ഒളിച്ചോട്ടം എന്നോ നാടുകടത്തൽ എന്നോ പറയാൻ പറ്റില്ല. എങ്കിലും എന്നിൽ മാറ്റം വരുമെന്ന പ്രതീക്ഷയോടെയാണ് വീട്ടുകാർ എന്നെ പഠിക്കാൻ വിട്ടത് എന്റെ ട്രാൻസ്മെൻ വ്യക്തിത്വം പ്രകടമാക്കുന്നതിൽ മാറ്റം വരുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. അവിടെ പോയതിനു ശേഷമാണ് ട്രാൻസ്മെൻ എന്ന ഐഡൻറിറ്റി ഞാൻ പുറത്ത് പറയുന്നത്. എനിക്ക് സൗകര്യമുള്ള ഡ്രസ്സ് ഒക്കെ ധരിച്ചുതുടങ്ങി ഇതോടെ സമൂഹത്തിലും സോഷ്യൽമീഡിയയിലും ഒക്കെ വളരെ ചർച്ചയാവുകയും ചെയ്തു.

**?** പഠനകാലയളവിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ചിരുന്നോ?

▶ അതെ അനുഭവിച്ചിരുന്നു. എന്റെ കുടുംബം അത്ര സാമ്പത്തികമായി മെച്ചപ്പെട്ട ഒന്നല്ലാത്തതു കൊണ്ട് തന്നെ ഫീസ് അടയ്ക്കുന്നതിൽ പ്രശ്നങ്ങൾ വന്നിരുന്നു. പിന്നെ എന്റെ ട്രാൻസ് വ്യക്തിത്വം വെളിപ്പെടുത്തിയതിനു ശേഷം വീട്ടിൽ ഉണ്ടായ പ്രശ്നങ്ങൾ, സമൂഹം വീട്ടുകാരുടെ മേൽ ചെലുത്തുന്ന സമ്മർദ്ദം എല്ലാം വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു. അങ്ങനെ ഫീസ് അടക്കുന്നത് മുടങ്ങി. ഇതേതുടർന്ന് ഫീസ് അടയ്ക്കുന്നതിനും വാടക കൊടുക്കുന്നത്തിനും പണം കണ്ടെത്താൻ ജവഹർ നഗർ റസ്റ്റോറന്റിൽ ഞാൻ ജോലിചെയ്തിട്ടുണ്ട്. 10 ലക്ഷത്തോളം രൂപയാണ് ഫീസ് അടക്കാൻ

ഉണ്ടായിരുന്നത്. ഞാൻ ലോൺ എടുത്താണ് പഠിച്ചത്. ലോൺ ഇതുവരെ തിരിച്ചടച്ചിട്ടില്ല. ഒരു ജോലി കിട്ടിയിട്ട് വേണം അടയ്ക്കാൻ.

**?** പഠിക്കുന്നതിന് സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിരുന്നോ? അതിനെക്കുറിച്ച് വിശദീകരിക്കാമോ?

▶ സർക്കാരിന്റെ ഭാഗത്തുനിന്ന് വലിയ പിന്തുണ യാണ് ലഭിച്ചത്. സാമൂഹ്യനീതി വകുപ്പിന്റെ ട്രാൻസ് ജെൻഡർ സ്കോളർഷിപ്പ് പ്രകാരം 24 ലക്ഷത്തിന്റെ സ്കോളർഷിപ്പാണ് കിട്ടിയത്. അന്നത്തെ വകുപ്പ് മന്ത്രി ശ്രീമതി ശൈലജ ടീച്ചർ, സെക്രട്ടറി ശ്രീമാൻ ബിജു പ്രഭാകർ സർ, ഡയറക്ടർ ശ്രീമതി ഷീബ ജോർജ് ഐഎഎസ് എന്നിവർ എന്നെ ഒരുപാട് പിന്തുണച്ചു.

**?** ആദം ഭാവിജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പറയാമോ?

▶ ട്രാൻസ്ജെൻഡർ സമൂഹത്തിനു വേണ്ടി എന്തെങ്കിലും ചെയ്യണം എന്നാണ് എനിക്ക് ആഗ്രഹം. പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന ഒരുപാട് ട്രാൻസ് കുട്ടികൾ ഉണ്ട്. സർക്കാർ അവരുടെ പഠനത്തിനും തൊഴിൽ ലഭ്യമാക്കുന്നതിനുമെല്ലാം ധാരാളം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പുതുതായി ട്രാൻസ് വ്യക്തിത്വം വെളിപ്പെടുത്തി വരുന്നവർക്കെല്ലാം നല്ല വിദ്യാഭ്യാസവും കൂടാതെ ധാരാളം അവസരങ്ങ ളുമുണ്ട്. പണ്ട് അതായിരുന്നില്ല സ്ഥിതി. എങ്കിലും അവരും അവരുടെ കഴിവുകൾ കൊണ്ട് മുന്നോട്ടു വന്നവരാണ്. ഒരു പൈലറ്റ് ആകണം എന്നായിരുന്നു എന്റെ ആഗ്രഹം.

''ഏറ്റവും വലുത് ഞാനിന്ന് അനുഭവിക്കുന്ന സ്വാതന്ത്യം തന്നെയാണ്. യാതൊരു വിലക്കുകളും ഇല്ലാതെ എനിക്ക് എന്നെത്തന്നെ സ്വയം തിരിച്ചറിയാൻ കഴിയുന്നു. ഇനിയും എന്റെ ജോലിയിൽ ഒരു തടസ്സവും ഇല്ലാതെ തുടരാൻ കഴിയണം. ഇവിടെ ട്രാൻസ്ജെൻഡേഴ്സിന് ഭയമില്ലാതെ ജീവിക്കാൻ കഴിയണം. അവരെ സമൂഹം അംഗീകരിക്കണം. ഇപ്പോൾ കുടുംബത്തെ ശരിക്ക് മിസ്സ് ചെയ്യുന്നുണ്ട്. എനിക്ക് പ്രതീക്ഷയുണ്ട്. അവരെന്നെ മനസ്സിലാക്കി മകനായി അംഗീകരിക്കുമെന്ന്. തെറ്റായ ഉടലിൽ എത്തിപ്പെട്ട ഒരാത്മാവ് ആണ് ഞാൻ. അവർക്ക് വേണ്ടി ഈ ജീവിതം മുഴുവൻ ഞാൻ കാത്തിരിക്കും''.



# ഓണസ്മരണ

ഓണമെത്തും നാളുകളിൽ
പാടമൊക്കെ കതിർ നിറഞ്ഞു
കിളിവാലൻ തത്തകളോ പറന്നെത്തുന്നു
കലപിലകൾ കൂട്ടിയന്തിയിൽ
കൂടണയുന്നു–അവർ–കൂടണയുന്നു
പിന്നെ,
കൊയ്ത്തായി കച്ചികൂട്ടി
ഉണക്കായി, തിരക്കായി
നിവർന്നൊന്നു നിൽക്കുവാനോ
നേരമില്ലൊട്ടും
കൊയ്ത്തൊഴിഞ്ഞ്
കൊറ്റുമായി അപ്പനെത്തും, അണ്ണനെത്തും
നെല്ലുവച്ച് പുഴുക്കുണക്കാൻ
വെയിൽ നോക്കേണം, ഒപ്പം
കാക്കയാട്ടാൻ തണൽ നോക്കാൻ
ഞാനുമുണ്ടാകും– അന്ന്
ഞാനുമുണ്ടാകും

പാടമൊക്കെ വീടുകളായ്
തോടുകളോ പാതകളായ്
അപ്പനെന്റെയണ്ണനുമോ കടന്നു പോയി
മണ്ണിൽ മറഞ്ഞേ പോയി.
ഞാനിന്നും ക്യാമ്പിലേതോ
അഭയാർത്ഥി വലിച്ചെറിഞ്ഞൊരു
പഴന്തുണിക്കെട്ടുപോലെ
ബാക്കിയാകുന്നു ഇവിടെ
ബാക്കിയാകുന്നു.



സെൻസൺ എൽസ
ബൈൻഡർ
സാമൂഹ്യനീതി വകുപ്പ്



# ബോധവൽക്കരണ പ്രവർത്തനങ്ങൾ – ട്രാൻസ് ജെൻഡർ ക്ഷേമം

**2021-22 സാമ്പത്തിക വർഷം സംസ്ഥാനത്ത് ട്രാൻസ് ജെൻഡർ ക്ഷേമം മുൻ നിർത്തി നടത്തുന്ന സമഗ്രമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ**

### ആമുഖം

സാമൂഹ്യ നീതി വകുപ്പിന്റെ ട്രാൻസ്ജെൻഡർ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ട്രാൻസ് ജെൻഡർ വ്യക്തികളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്ന നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ഇതിനോടകം വകുപ്പിന് സാധിച്ചിട്ടുണ്ട്. ട്രാൻസ് ജെൻഡർ വ്യക്തികൾ നേരിടുന്ന സാമൂഹ്യ പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനും സേവനങ്ങളുടെ ലഭ്യതയും തുല്യ അവകാശങ്ങളും ഉറപ്പ് വരുത്തുന്നതിനും, സമൂഹ നിർമ്മാണ പ്രക്രിയയുടെ ഭാഗമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ, ജനപ്രതി നിധികൾ മറ്റ് വിഭാഗങ്ങൾ എന്നിവർക്കിടയിൽ ബോധവൽകരണ പരിപാടികൾ നടത്താൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ നടത്തി വന്നിരുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ ഒരു പരിധിവരെ ട്രാൻസ്ജെൻഡറുകളെ പറ്റി നിലനിന്നിരുന്ന തെറ്റിദ്ധാരണകൾ മാറ്റുന്നതിന് സഹായകരമായിട്ടുണ്ട്.

### രീതിശാസ്ത്രം

ട്രാൻസ്ജെൻഡർ വ്യക്തികൾ നേരിടുന്ന സാമൂഹ്യ പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനും സേവനങ്ങളുടെ ലഭ്യതയും തുല്യ അവകാശങ്ങളും ഉറപ്പ് വരുത്തുന്നതിനുമായി സമൂഹ നിർമ്മാണ പ്രക്രിയയുടെ ഭാഗമായി പ്രവർത്തിക്കുന്ന വിവിധ വിഭാഗം ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ മറ്റ് വിഭാഗങ്ങൾ എന്നിവർക്ക് മേഖലാ തലത്തിൽ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കുന്നതി നാണ് തീരുമാനിച്ചിട്ടുള്ളത്. മേൽ സൂചിപ്പിച്ച വിഭാഗം ഉദ്യോഗസ്ഥരിൽ നിന്നും 30 പ്രതിനിധികളെ ഉൾപ്പെടുത്തി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലകളിലായി യഥാക്രമം 7,6,7 വീതം ബോധവൽക്കരണ പരിപാടികൾ നടത്തുന്നതാണ്. തിരുവനന്തപുരം ജില്ലയിൽ നടത്തുന്ന ബോധവൽക്കരണ പരിപാടി ഡയറക്ടറേറ്റ് തലത്തിലും, മറ്റ് രണ്ടു മേഖലകളിൽ നടത്തുന്ന ബോധവൽക്കരണ പരിപാടികൾ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർ, ജില്ലയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഫെസിലിറ്റേറ്റർ, ബന്ധപ്പെട്ട സി ബി ഒ പ്രതിധികൾ എന്നിവരുടെ സഹകരണത്തോടെയും നടത്താവുന്നതാണ്.

### മൊഡ്യൂൾ

വിവിധ മേഖലകളിൽ നിന്നുമുള്ള വിഷയവിദഗ്ധരേയും, കമ്മ്യൂണിറ്റി പ്രതിനിധികളേയും ഉൾപ്പെടുത്തി ദ്വിദിന വർക്ക്ഷോപ്പ് സംഘടിപ്പിച്ച് മൊഡ്യൂൾ തയ്യാറാക്കിയ ശേഷം പ്രസ്തുത മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിയ്ക്കുന്നതി നാണ് ഉദ്ദേശിച്ചിട്ടുള്ളത്.

### ബോധവൽക്കരണ പ്രോഗ്രാമിൽ ഉൾപ്പെടുത്തുന്ന വിഭാഗങ്ങൾ

വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ, ജനപ്രതിനിധികൾ, അഡ്വക്കേറ്റ്സ്, ഡോക്ടർമാർ, പോലീസ്, കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺ, സാക്ഷരതാ പ്രേരക്മാർ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവരിൽ നിന്നും 30 പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് മേഖല തലത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിയ്ക്കുന്നത്.

### ഉദ്ദേശ്യലക്ഷ്യങ്ങൾ (പദ്ധതി വിഭാവനം ചെയ്യുന്ന നേട്ടങ്ങൾ)

- ☐ ട്രാൻസ് ജെൻഡർ സമൂഹം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും,അവരോടുള്ള സമീപനത്തിൽ വരുത്തേണ്ട നല്ല മാറ്റങ്ങളെ കുറിച്ച് ആഴത്തിലും അനുകൂലവുമായ അവബോധം സൃഷ്ടിക്കുന്നതിന് സാധിക്കും.
- ☐ ആരോഗ്യ വിദ്യാഭാസ- നിയമ -നിയമപാലക സേവനങ്ങൾ നൽകുന്നവരിൽ ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശങ്ങളെക്കുറിച്ചും അവസ്ഥയെക്കുറിച്ചും അനുകൂല അവബോധം നല്കാൻ കഴിയും

- ☐ ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശ സംരക്ഷണ നിയമം 2019, സംസ്ഥാന ട്രാൻസ് ജെൻഡർ നയം, വകുപ്പ് നടപ്പിലാക്കി വരുന്ന ക്ഷേമ പ്രവർത്തനങ്ങളും പദ്ധതികളും എന്നിവ സംബന്ധിച്ച അവബോധം പൊതുസമൂഹത്തിനും, ട്രാൻസ്ജെൻഡർ വ്യക്തികൾക്കും നൽകുന്നതിനു സഹായിക്കും.
- ☐ സ്കൂൾ അധ്യാപകർക്ക് ഈ വിഷയങ്ങളിൽ അടിസ്ഥാന ധാരണ നൽകുന്ന പക്ഷം കുട്ടികളോടുള്ള പ്രായോഗിക സമീപനത്തിൽ മാറ്റം വരുത്തുവാൻ സാധിക്കും.
- ☐ ഡോക്ടർമാർ, പോലീസ് ഉദ്യോഗസ്ഥർ, അഭിഭാഷകർ, ജനപ്രതിനിധികൾ മുതലായവർക്ക് ജെൻഡർ സംബന്ധമായ അവബോധം രൂപപ്പെടുത്താൻ കഴിയും.

# പ്രവർത്തന റിപ്പോർട്ട്



## പാലക്കാട് ജില്ലാ സാമൂഹ്യ നീതി ഓഫീസ്

2021 ജൂൺ മാസം സാമൂഹ്യ നീതി വകുപ്പ് പാലക്കാടിന്റെ നേതൃത്വത്തിൽ വയോജനങ്ങൾക്കെതിരെയുള്ള അധിക്ഷേപ നിരോധന ബോധവത്ക്കരണ ദിനാചരണം സംഘടിപ്പിച്ചു. 2021 മെയ് 15ന് പാലക്കാട് ഒറ്റപ്പാലം എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് കോളേജ് വിദ്യാർത്ഥികൾക്കായുള്ള ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. പാലക്കാട് സംഘടിപ്പിച്ച ബോധവത്ക്കരണ പരിപാടിയിൽ ആശ്രയ കോളേജ്, ഗവ. കോളേജ് ചിറ്റൂർ എന്നിവിടങ്ങളിലെ N.S.S വോളന്റിയർമാരും, ഒറ്റപ്പാലത്ത് സംഘടിപ്പിച്ച പരിപാടിയിൽ മേഴ്സി കോളേജ് പാലക്കാട്, ഐഡിയൽ കോളേജ് ചെർപ്പുളശ്ശേരി എന്നിവിടങ്ങളിലെ സോഷ്യൽ വർക്ക് വിദ്യാർത്ഥികളും പങ്കാളികളായി.

''യുവതലമുറകൾക്ക് വയോജന സംരക്ഷണത്തിൽ ചുമതലാബോധം വളർത്തിയെടുക്കൽ'', ''മാതാ പിതാക്കളുടേയും മുതിർന്ന പൗരൻമാരുടേയും സംരക്ഷണവും ക്ഷേമവും– നിയമം 2007'' എന്നീ വിഷയങ്ങളിൽ അഡ്വ. പി. പ്രേം നാഥ്, അഡ്വ. പി. എം ജയ എന്നിവർ ക്ലാസ് നയിച്ചു.

2021 ജൂൺ മാസം 26–ാം തീയതി മുതൽ ജൂലൈ 2 വരെ സാമൂഹ്യനീതി വകുപ്പ് പാലക്കാട് ഓഫീസിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ വാരാചരണം സംഘടിപ്പിച്ചു. പാലക്കാട്, ഒറ്റപ്പാലം, എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് സംഘടിപ്പിച്ച പരിപാടിയിൽ സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്കായുള്ള ബോധവത്ക്കരണ ക്ലാസുകളും, വിദ്യാർത്ഥികൾക്കായി ഓഫ്ലൈൻ മത്സരങ്ങളും സംഘടിപ്പിച്ചു. ലഹരി വിരുദ്ധ വാരാചരണവുമായി ബന്ധപ്പെട്ട് നടത്തിയ ബോധവത്ക്കരണ പരിപാടിയിൽ 160 ഓളം സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾ പങ്കാളിയായി. എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ ക്ലാസുകൾ നയിച്ചു. ''ലഹരിക്കെതിരെ'' എന്ന വിഷയം ആസ്പദമാക്കി വിവിധ മത്സരങ്ങളും സംഘടിപ്പിക്കുകയുണ്ടായി.

## ഇടുക്കി ജില്ലാ സാമൂഹ്യ നീതി ഓഫീസ്

**വയോജന ക്ഷേമം**



കോവിഡ് വ്യാപനത്തോടനുബന്ധിച്ച് മാനസിക സംഘർഷം നേരിടുന്ന വയോജനങ്ങൾക്കായി വയോജന കാൾ സെന്റർ പൈനാവ് എഞ്ചിനിയറിംഗ് കോളേജിന്റെ കംപ്യൂട്ടർ ലാബിൽ പ്രവർത്തിച്ചു വരുന്നു. നിലവിൽ അഞ്ച് സോഷ്യൽ വർക്കർമാരും മൂന്ന് എഞ്ചിനീയറിംഗ് കോളേജ് സ്റ്റാഫും കാൾ സെന്ററിൽ സേവനമനുഷ്ഠിക്കുന്നു. ഈ കാലയളവിൽ ആകെ 8274 കോളുകൾ ചെയ്തിട്ടുണ്ട്. കോവിഡ് പ്രതിരോധ വാക്സിൻ എടുക്കുന്നതിന് 451 പേർക്ക് രജിസ്ട്രേഷൻ

ചെയ്തു നൽകി. ജില്ലയിലെ എല്ലാ വൃദ്ധസദനങ്ങളിലെയും താമസക്കാർക്ക് ആദ്യ ഡോസ് വാക്സിൻ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ലഭ്യമാക്കിയിട്ടുണ്ട്.

### വയോപോഷണ കിറ്റ് വിതരണം

പീരുമേട് ഗ്രാമപഞ്ചായത്തിലെ പട്ടുമല, എഴുകുംവയൽ ഗ്രാമപഞ്ചായത്തിലെ എഴുകുംവയൽ, ചക്കുപള്ളം ഗ്രാമപഞ്ചായത്തിലെ അണക്കര എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് സായംപ്രഭ ഹോമുകളിൽ നിന്നും അർഹരായ 98 പേർക്ക് സാമൂഹ്യ നീതി ഡയറക്ടറേറ്റിന്റെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ സപ്ലൈക്കോ ഔട്ട് ലെറ്റുകൾ മുഖേന ന്യൂട്രീഷണൻ സപ്പോർട്ട് നൽകുന്ന റേഷൻ കിറ്റ് വിതരണം നടത്തുകയുണ്ടായി. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു കൊണ്ട് ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ ജിജി കെ ഫിലിപ്പ് കിറ്റിന്റെ വിതരണോത്ഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ ജില്ലാ സാമൂഹ്യ നീതി ഓഫീസർ ശ്രീ ബിനോയ് വി. ജെ. ആശംസയർപ്പിച്ചു.



### ട്രാൻസ്ജെൻഡർ ക്ഷേമം

ഇടുക്കി ജില്ലയിലെ താമസക്കാരായ 11 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഭക്ഷ്യ ധാന്യ കിറ്റുകൾ അവരുടെ താമസ സ്ഥലത്ത് വിതരണം ചെയ്തു.



### ഭിന്നശേഷി ക്ഷേമം

കോവിഡിന്റെ പശ്ചാത്തലത്തിൽ ഭിന്നശേഷിക്കാരുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കോവിഡ് വാക്സിനേഷൻ ലഭ്യമാക്കുന്നതിന് രജിസ്റ്റർ ചെയ്ത് സഹായിക്കുന്നതിനും ബി ആർ സി, സ്പെഷ്യൽ സ്കൂൾ/ബഡ്സ് സ്ക്കൂൾ, സന്നദ്ധ സേവകർ എന്നിവരുടെ സഹായത്തോടെ നാഷണൽ ട്രസ്റ്റ് ലോക്കൽ ലെവൽ കമ്മിറ്റികളുടെ നേതൃത്വത്തിൽ ബ്ളോക്ക് പഞ്ചായത്ത് തലത്തിൽ ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇതിൻറെ അടിസ്ഥാനത്തിൽ 3033 പേരെ കോവിഡ് വാക്സിനേഷന് രജിസ്റ്റർ ചെയ്തു.

### പുനരധിവാസം

മൂലമറ്റം ഐ എച്ച് ഇ പി യൂ പി സ്ക്കൂൾ വരാന്തയിൽ അവശ നിലയിൽ കഴിഞ്ഞിരുന്ന 80 വയസ്സ് പ്രായമുള്ള ശ്രീ പാപ്പച്ചൻ എന്ന മുതിർന്ന പൗരനെ ഗ്രാമപഞ്ചായത്ത് അധികൃതരുടെയും പോലീസിന്റെയും സഹായത്തോടെ സർക്കാർ ഗ്രാൻറ് നൽകുന്ന ചെങ്കുളം ലിറ്റിൽ ഫ്ളവർ മേഴ്സി ഹോം എന്ന സ്ഥാപനത്തിൽ താമസിപ്പിച്ച് സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു.



മരത്തിൽ നിന്ന് വീണ് അരയ്ക്കു താഴെ തളർന്ന ശ്രീ സോമൻ, പുറപ്പുഴ എന്ന വ്യക്തിക്ക് വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്ന് ലഭ്യമായ വീൽചെയർ വിതരണം ചെയ്തു.





## ലഹരിക്കെതിരേ 'വെളിച്ചം'

നടുവണ്ണൂർ: ജില്ലാ സാമൂഹ്യനീതി ഓഫിസ് 'മോചനം -2021 ' എന്ന പേരിൽ സംഘടിപ്പിച്ച ലഹരി വിരുദ്ധ ബോധവൽക്കരണ വാരാചരണ പരിപാടികളിൽ ശ്രദ്ധേയമായി 'വെളിച്ചം'. ജില്ലയിലെ ലൈബ്രറികളും റസിഡൻസ് അസോസിയേഷനുകളുമായി ചേർന്നാണ് 'വെളിച്ചം 'എന്ന വേറിട്ട പരിപാടി സംഘടിപ്പിച്ചത്. വെളിച്ചം പരിപാടിയുടെ ഭാഗമായി 'ലഹരിയുടെ ഇരുട്ടിൽനിന്ന് ജീവിതത്തിന്റെ വെളിച്ചത്തിലേക്ക് ' എന്ന സന്ദേശവുമായി വീടുകളിൽ കുടുംബാംഗങ്ങൾ ദീപം തെളിയിച്ചു.

ഓരോ വ്യക്തിയും ലഹരി പദാർഥങ്ങൾ ഉപേക്ഷിക്കണമെന്ന സന്ദേശവുമായി വീടുകളിൽ പ്രകാശം പരത്തുന്നതിന്റെ രംഗങ്ങൾ ഗൂഗിൾ മീറ്റിലൂടെയും വാട്സ്ആപ്പ് വഴിയും കുടുബാംഗങ്ങൾ കൈമാറി. നടുവണ്ണൂർ രാമുണ്ണി മാസ്റ്റർ ഗ്രന്ഥാലയവുമായി ചേർന്ന് നടത്തിയ പരിപാടി കണ്ണൂർ ജില്ലാ ജഡ്ജ് ആർ.എൽ ബൈജു ഉദ്ഘാടനംചെയ്തു.

ഗ്രന്ഥാലയം പ്രസിഡന്റ് എൻ. ആലി അധ്യക്ഷനായി. ജില്ലാ സാമൂഹ്യനീതി ഓഫിസർ അഷ്റഫ് കാവിൽ പദ്ധതി വിശദീകരിച്ചു.

ലഹരി വ്യാപനം തടയുന്നതിൽ പൊതുസമൂഹത്തിന്റെ പങ്ക് എന്ന വിഷയത്തിൽ കോഴിക്കോട് ഡയറ്റിലെ സീനിയർ ലക്ചറർ അശോകൻ നൊച്ചാട് ക്ലാസ്സെടുത്തു. എം.എൻ ദാമോദരൻ സ്വാഗതവും എൻ. ഷിബീഷ് നന്ദിയും പറഞ്ഞു.

Kozhikode Edition
Jul 4, 2021 Page No. 11
Powered by : eReleGo.com

## ലഹരിവിമുക്ത ജില്ലയ്ക്കായി കർമപദ്ധതി ആവിഷ്കരിച്ച് സാമൂഹ്യനീതി വകുപ്പ്

കോഴിക്കോട്: സമൂഹത്തിൽ ലഹരിവസ്തുക്കളുടെ ഉപയോഗം കുറക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച 'നശാ മുക്ത് ഭാരത്' (ലഹരിവിമുക്ത ഭാരതം) പദ്ധതിയുടെ പ്രവർത്തനങ്ങൾ ജില്ലയിൽ നടപ്പാക്കുന്നതിനു കർമപദ്ധതി ആവിഷ്കരിച്ചു.

ലഹരിപദാർഥങ്ങൾക്കെതിരേ വ്യാപകമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് റിസോഴ്സ് ടീം രൂപീകരിക്കും. ജില്ലാ ലീഗൽ സർവിസസ് അതോറിറ്റി, നാഷനൽ സർവിസ് സ്കീം, നെഹ്റു യുവകേന്ദ്ര തുടങ്ങിയ സംവിധാനങ്ങളിൽ നിന്നുള്ള സന്നദ്ധപ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തും. ഇവർക്ക് വിദഗ്ധർ പരിശീലനം നൽകും.


സ്കൂൾ കോളജ് വിദ്യാർഥികൾ, അധ്യാപകർ, പി.ടി.എ അംഗങ്ങൾ, ജനപ്രതിനിധികൾ, അങ്കണവാടി പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷൻ അംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവരെ പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തി ലഹരിവിരുദ്ധ സന്ദേശം സമൂഹത്തിന്റെ താഴെത്തട്ടിൽ എത്തിക്കും. പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനു പൊലിസ്, ആരോഗ്യവകുപ്പ്, എക്സൈസ് തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനം ശക്തമാക്കും.

ലഹരിപദാർഥങ്ങളുടെ ഉപഭോഗം കൂടുതലായി നടക്കുന്ന ഇടങ്ങൾ കണ്ടെത്തി പൊതുജന പങ്കാളിത്തത്തോടെ ലഹരിവ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും സമൂഹമാധ്യമങ്ങളും മറ്റു മാധ്യമങ്ങളും ഉപയോഗിച്ച് ബോധവൽക്കരണ പരിപാടികൾ വ്യാപകമാക്കുകയും ചെയ്യും. വിദ്യാർഥികൾക്ക് ക്വിസ്, പ്രസംഗം, പോസ്റ്റർ രചന തുടങ്ങിയ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കും. ലഹരിവിരുദ്ധ സന്ദേശങ്ങൾ പൊതുസമൂഹത്തിൽ എത്തിക്കുന്ന വിധത്തിൽ സെമിനാറുകളും സംഘടിപ്പിക്കും. മദ്യത്തിനും മറ്റു ലഹരിപദാർഥങ്ങൾക്കും അടിപ്പെടുന്നവരെ ഡീ അഡിക്ഷൻ സെന്ററുകളിൽ എത്തിച്ച് വിദഗ്ധ ചികിത്സ നൽകാനും കൗൺസലിങ്ങിനുള്ള സൗകര്യം ഒരുക്കാനും കർമപദ്ധതി ലക്ഷ്യമിടുന്നുണ്ട്.

'നശാ മുക്ത് ഭാരത് അഭിയാൻ' നടപ്പാക്കുന്നതിന് കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം തിരഞ്ഞെടുത്ത രാജ്യത്തെ 272 ജില്ലകളിൽ ഒന്നാണ് കോഴിക്കോട്. കർമപദ്ധതി അംഗീകരിക്കാൻ ചേർന്ന ജില്ലാതല നശാ മുക്ത് കാംപയിൻ കമ്മിറ്റി യോഗത്തിൽ സബ് കലക്ടർ ജി. പ്രിയങ്ക അധ്യക്ഷയായി. ജില്ലാ ലീഗൽ സർവിസസ് അതോറിറ്റി സെക്രട്ടറിയും സബ് ജഡ്ജിയുമായ ഷൈജൽ, കോഴിക്കോട് റൂറൽ നാർകോട്ടിക്സ് വിഭാഗം ഡിവൈ.എസ്.പി സുന്ദരൻ, ജില്ലാ വിദ്യാഭ്യാസ ഓഫിസർ പി.സി ഗീത, ജില്ലാ മെഡിക്കൽ ഓഫിസ് ടെക്നിക്കൽ അസിസ്റ്റന്റ് സുരേഷ് കുമാർ, ഹയർ എജ്യുക്കേഷൻ റീജ്യനൽ ഡെപ്യൂട്ടി ഡയരക്ടർ ഓഫിസിലെ ജൂനിയർ സൂപ്രണ്ട് ആർ. നിഖിലേഷ് പങ്കെടുത്തു.

ജില്ലാ സാമൂഹ്യനീതി ഓഫിസർ അഷ്റഫ് കാവിൽ സ്വാഗതവും ജൂനിയർ സൂപ്രണ്ട് സിനോ സേവി നന്ദിയും പറഞ്ഞു.

Kozhikode Edition
Jun 11, 2021 Page No. 4
Powered by : eReleGo.com











പ്രാദേശികം

## ലഹരിമുക്ത സമൂഹം; വൈവിദ്ധ്യമാർന്ന പദ്ധതികളുമായി സാമൂഹ്യനീതി വകുപ്പ്

കോഴിക്കോട്: സമൂഹത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കുറച്ചുകൊണ്ടു വരുന്നതിന് സാമൂഹ്യ നീതി വകുപ്പ് നടപ്പാക്കുന്ന 'നശാ മുക്ത് ഭാരത്' (ലഹരി വിമുക്ത ഭാരതം) പദ്ധതിയുടെ പ്രവർത്തനങ്ങൾ ജില്ലയിൽ നടപ്പാക്കുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കി.

ലഹരി പദാർത്ഥങ്ങൾക്കെതിരെ വ്യാപക ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാൻ റിസോഴ്സ് ടീം രൂപീകരിക്കും. ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, നാഷണൽ സർവീസ് സ്കീം, നെഹ്റു യുവ കേന്ദ്ര തുടങ്ങിയ സംവിധാനങ്ങളിൽ നിന്നുള്ള സന്നദ്ധസേവകരുടെ സേവനം പദ്ധതിക്ക് വേണ്ടി ഉപയോഗപ്പെടുത്തും. ഇവർക്ക് വിദഗ്ധർ പരിശീലനം നൽകും. സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരെ പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തി ലഹരി വിരുദ്ധ സന്ദേശം സമൂഹത്തിന്റെ താഴെ തട്ടിൽ വരെ എത്തിക്കും.

ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് പൊലീസ്, ആരോഗ്യവകുപ്പ്, എക്സൈസ് തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനം ശക്തമാക്കും. ലഹരിപദാർത്ഥങ്ങളുടെ ഉപഭോഗം കൂടുതലായി നടക്കുന്ന ഇടങ്ങൾ കണ്ടെത്തി പൊതുജന പങ്കാളിത്തത്തോടെ ലഹരി വ്യാപനം തടയാൻ നടപടി സ്വീകരിക്കും. സാമൂഹിക മാധ്യമങ്ങളും മറ്റും ഉപയോഗിച്ച് ബോധവത്കരണ പരിപാടികൾ വ്യാപകമാക്കും. വിദ്യാർത്ഥികൾക്ക് ക്വിസ്, പ്രസംഗം, പോസ്റ്റർ രചന തുടങ്ങിയ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കും. ലഹരിവിരുദ്ധ സന്ദേശങ്ങൾ പൊതുസമൂഹത്തിൽ എത്തിക്കുന്ന വിധത്തിൽ സെമിനാറുകൾ സംഘടിപ്പിക്കും. മദ്യത്തിനും മറ്റ് ലഹരി പദാർത്ഥങ്ങൾക്കും അടിമപ്പെടുന്നവരെ ഡി അഡിക്ഷൻ സെന്ററുകളിൽ എത്തിച്ച് വിദഗ്ധ ചികിത്സ നൽകുന്നതിനും കൗൺസലിങ്ങിനുള്ള സൗകര്യം ഒരുക്കുന്നതിനും കർമ്മ പദ്ധതി ലക്ഷ്യമിടുന്നു.

പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം തെരഞ്ഞെടുത്തിരിക്കുന്ന രാജ്യത്തെ 272 ജില്ലകളിൽ ഒന്നാണ് കോഴിക്കോട്. കർമ്മ പദ്ധതി അംഗീകരിക്കാൻ വേണ്ടി ചേർന്ന ജില്ലാതല നശാ മുക്ത് കാമ്പയിൻ കമ്മറ്റി യോഗത്തിൽ സബ് കലക്ടർ പ്രിയങ്ക ജി അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറിയും സബ് ജഡ്ജുമായ ഷൈജൽ, കോഴിക്കോട് റൂറൽ നാർക്കോട്ടിക്സ് വിഭാഗം ഡി.വൈ.എസ്.പി സുന്ദരൻ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഗീത പി.സി, ജില്ലാ മെഡിക്കൽ ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റ് സുരേഷ് കുമാർ, ഹയർ എജ്യുക്കേഷൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് നിഖിലേഷ് ആർ പങ്കെടുത്തു. ജില്ലാ സാമൂഹ്യനീതി ഓഫീസർ അഷ്റഫ് കാവിൽ സ്വാഗതവും ജൂനിയർ സൂപ്രണ്ട് സിനോ സേവി നന്ദിയും പറഞ്ഞു.





മലയാള മനോരമ

# ലഹരിക്കെതിരായ ബോധവൽക്കരണത്തിൽ ജനപങ്കാളിത്തം വേണം

**• ജില്ലയിൽ 'നശാ മുക്ത് ഭാരത്' ക്യാംപെയ്ൻ: കലക്ടർ ഉദ്ഘാടനം ചെയ്തു**



കൊല്ലം • ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ വേണമെന്ന് കലക്ടർ ബി.അബ്ദുൽ നാസർ. ജില്ലയിൽ ലോക ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായുള്ള 'നശാ മുക്ത് ഭാരത്' ക്യാംപെയ്നിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ലഹരിമരുന്ന് ഉപഭോഗവുമായി ബന്ധപ്പെട്ട പരാതികൾ അതീവ ഗൗരവത്തോടെ കാണണമെന്ന് കലക്ടർ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. സാമൂഹികനീതി വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാ ഭരണകൂടം, ലീഗൽ സർവീസ് അതോറിറ്റി, എക്സൈസ്, പൊലീസ്, ആരോഗ്യ വിഭാഗം, ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്നിവ സംയുക്തമായാണ് പരിപാടികൾക്ക് നേതൃത്വം നൽകുന്നത്. ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധ പ്രവർത്തകർക്കും അധ്യാപക-വിദ്യാർഥി പ്രതിനിധികൾക്കും ഓൺലൈൻ ആയി വിദഗ്ധ പരിശീലനം നൽകും.

ജില്ലാ സാമൂഹികനീതി ഓഫിസർ കെ.കെ.ഉഷ അധ്യക്ഷത വഹിച്ചു. ജില്ലാ വികസന കമ്മിഷണർ ആസിഫ് കെ.യൂസഫ്, സബ് കലക്ടർ ചേതൻ കുമാർ മീണ, അസിസ്റ്റന്റ് കലക്ടർ ഡോ. അരുൺ എസ്. നായർ, എക്സൈസ് ഡപ്യൂട്ടി കമ്മിഷണർ പി.കെ.സാനു തുടങ്ങിയവർ പ്രസംഗിച്ചു. ഡോ.സബീന, ഡോ.അനൂപ് തോമസ് എന്നിവർ ക്ലാസുകൾ എടുത്തു. 'ലഹരിയോട് വിട' ആശയത്തെ അടിസ്ഥാനമാക്കി കോളജ് വിദ്യാർഥികൾ തയാറാക്കിയ പോസ്റ്ററുകൾ, കൊളാഷ് വർക്കുകൾ, വിഡിയോ ചിത്രങ്ങൾ എന്നിവയുടെ പ്രദർശനം നടന്നു.



# ലഹരിക്കെതിരെ ബോധായനം

കോഴിക്കോട്: ലഹരിവിരുദ്ധ ബോധവൽക്കരണ വാരാചരണത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസിന്റെയും സി.എസ്.ആർ.ഡിയുടെയും ആഭിമുഖ്യത്തിൽ ബോധായനം എന്ന പേരിൽ മയക്കമരുന്ന് വിരുദ്ധ ബോധവൽക്കരണ വാഹന യാത്ര സംഘടിപ്പിച്ചു. ബീച്ച് ഹോസ്പിറ്റലിലെ നവജീവൻ കൗൺസലിംഗ് സെന്ററിൽ സംഘടിപ്പിച്ച ചടങ്ങിൽ കോർപ്പറേഷൻ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഡോ. ജയശ്രീ ഉദ്ഘാടനം ചെയ്തു. സി.എസ്.ആർ.ഡി ഡയറക്ടർ അഡ്വ. ടിറ്റോ തോമസ് അദ്ധ്യക്ഷത വഹിച്ചു .

വിമുക്തി ലഹരിവിമുക്ത ചികിത്സാ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. വിജേഷ്, ചൈൽഡ് ലൈൻ റസ്ക്യൂ ഓഫീസർ സിബി ജോസ്, ലതീഷ് കുമാർ, സ്മിജാ സുരേഷ് സംസാരിച്ചു. ജില്ലാ സാമൂഹ്യനീതി ഓഫീസിലെ ജൂനിയർ സൂപ്രണ്ട് സിനോ സേവി സ്വാഗതവും ഷൈജേഷ് പി നന്ദിയും പറഞ്ഞു .ശാന്തി നഗർ കോളനി, സൗത്ത് ബീച്ച്, ചക്കുംകടവ്, മീഞ്ചന്ത, കല്ലായി, തളി, മാവൂർ റോഡ്, പുതിയാപ്പ തുടങ്ങിയ പ്രദേശങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തി. പരിപാടിയുടെ ഭാഗമായി ലഘുലേഖ വിതരണവും ആരോഗ്യ പരിശോധനാ ക്യാമ്പും സംഘടിപ്പിച്ചു.



ലഹരിവിരുദ്ധ ബോധവൽക്കരണ വാരാചരണത്തിന്റെ ഭാഗമായി ജില്ലാ സാമൂഹ്യനീതി ഓഫീസിന്റെയും സി.എസ്.ആർ.ഡിയുടെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ബോധായനം കോഴിക്കോട് കോർപ്പറേഷൻ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഡോ. ജയശ്രീ ഉദ്ഘാടനം ചെയ്യുന്നു












# സെറിബ്രൽ പാൾസി- സഹായ ഉപകരണങ്ങൾ


ഒരു കുഞ്ഞു ജനിക്കുന്നതിനു മുൻപോ, ജനന സമയത്തോ, അതിനു ശേഷമോ തലച്ചോറിലുണ്ടാകുന്ന തകരാറുകൾ ആ കുഞ്ഞിന്റെ പേശീ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥയാണ് സെറിബ്രൽ പാൾസി. ഈ അവസ്ഥയിൽ കുട്ടിക്ക് ശാരീരികമായും ബുദ്ധിപരമായും ആശയവിനിമയത്തിനും പലതരം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. ഈ കുട്ടികളെ അവരുടെ കഴിവുകൾക്കനുസരിച്ച് വ്യത്യസ്ത പ്രവർത്തന മേഖലകളിൽ സ്വയം പര്യാപ്തമാക്കാൻ സഹായിക്കുന്ന ഉപകരണങ്ങളാണ് സഹായ ഉപകരണങ്ങൾ. ഇത്തരം ഉപകരണങ്ങൾ പ്രധാനമായും രണ്ടു തരത്തിലാണ് ഉള്ളത്. അസിസ്റ്റീവ് ഡിവൈസും അഡാപ്റ്റീവ് എയ്ഡും.

അസിസ്റ്റീവ് ഡിവൈസ് കുട്ടിയുടെ ശരീരഭാഗങ്ങൾക്ക് താങ്ങ് നൽകി സ്വാഭാവിക ചലനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. അഡാപ്റ്റീവ് എയ്ഡ്, ഓരോ വ്യക്തിക്കനുസൃതമായി അവരുടെ കഴിവുകൾക്കനുസരിച്ച് പ്രവൃത്തികൾ ചെയ്യാൻ പ്രത്യേകമായി രൂപകൽപന ചെയ്ത ഉപകരണങ്ങളാണ്.

ശരിയായ രീതിയിൽ ഇരിക്കുവാനോ നിൽക്കുവാനോ സാധിക്കാത്ത കുട്ടികളുടെ ശരീരത്തെ വിവിധതരം ഉപകരണങ്ങൾ ഉപയോഗിച്ച് ശരിയായ രീതിയിൽ വിന്യസിപ്പിക്കേണ്ടതുണ്ട്. അതിനുതകുന്ന ഉപകരണങ്ങളാണ് സെറിബ്രൽ പാൾസി ചെയർ, കോർണർ സീറ്റ്, സ്റ്റാന്റിംഗ് ഫ്രെയിം എന്നിവ.

ശരീരത്തിന് ശരിയായ നിയന്ത്രണം ഇല്ലാത്ത കുഞ്ഞുങ്ങൾക്ക് ഒരു വാക്കർ ഉപയോഗിച്ച് നടക്കാനുള്ള പരിശീലനം കൊടുക്കാം. കുട്ടിയുടെ ശാരീരിക ക്ഷമത അനുസരിച്ച് ഏതുതരം വാക്കർ ഉപയോഗിക്കണമെന്ന് ഫിസിയോതെറാപിസ്റ്റോ, ഒക്ക്യൂപേഷണൽ തെറാപ്പിസ്റ്റോ നിർദ്ദേശിക്കുന്നു. കുറച്ച് കൂടി ഉയർന്ന ശാരീരിക ക്ഷമതയുള്ള കുട്ടികൾക്ക് വിവിധ തരം ക്രച്ചറുകൾ ഉപയോഗിക്കാവുന്നതാണ്. വിവിധതരം ഓർത്തോസിസുകൾ ഉപയോഗിച്ച് ശരീരഭാഗങ്ങൾക്ക് താങ്ങ് കൊടുത്ത് കുട്ടികളുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കാവുന്നതാണ്.

നടക്കാൻ സാധിക്കാത്ത കുട്ടികൾക്ക് ഒരു വീൽ ചെയറിന്റെ സഹായത്തോടെ വീട്ടിലും സമൂഹത്തിലും ഇടപെടലുകൾ നടത്താൻ സാധിക്കുന്നു. ഒരു വ്യക്തിയുടെ സഹായത്തോടെയും അല്ലാതെയും ഉപയോഗിക്കുന്ന വീൽ ചെയറുകൾ വളരെ അധികം പ്രയോജനകരമാണ്.

നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് വികസിപ്പിച്ചെടുത്തിരിക്കുന്ന ഹെഡ് പോഡ്, ഹോയിസ്റ്റ് എന്നിവയും ഇപ്പോൾ പ്രചാരത്തിലുള്ള സഹായ ഉപകരണങ്ങളാണ്. സെറിബ്രൽ പാൾസിയുള്ള കുഞ്ഞുങ്ങൾക്ക് ഉപയോഗിക്കാവുന്ന സ്പ്ളിൻഡ് ഒരു അഡാപ്റ്റീവ് ഉപകരണമാണ്. ഇവ പേശികൾക്ക് അയവു വരുത്തുകയും സന്ധികൾക്ക് ശരിയായ ഘടന നൽകുകയും ചെയ്യുന്നതുവഴി അവ ഉപയോഗശൂന്യമാകാതെ സഹായിക്കുന്നു.

ഭക്ഷണം കഴിക്കുന്നതിനു വേണ്ടി പ്രത്യേകമായി രൂപാന്തരപ്പെടുത്തിയിരിക്കുന്ന ഉപകാരണങ്ങൾ ആ സമയത്തെ ബുദ്ധിമുട്ടുകൾ ദൂരീകരിക്കാൻ സഹായിക്കുന്നു. ദൈനംദിന ജീവിതത്തിൽ സാധാരണയായി ഉപയോഗിക്കുന്ന വസ്തുക്കൾക്ക് ഈ കുട്ടികളുടെ ആവശ്യകത അനുസരിച്ച് രൂപഭേദം വരുത്താവുന്നതാണ് (ഉദാ: ചീപ്പ്, നെയിൽ കട്ടർ, ടൂത് ബ്രഷ് എന്നിവ). ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് വേണ്ടി നിർദിഷ്ട അളവുകൾ അനുസരിച്ച് പലതരം ടോയ്‌ലെറ്റുകൾ രൂപകൽപ്പന ചെയ്തിട്ടുണ്ട്.

വസ്ത്രങ്ങളിൽ വെൽക്രോ, സിബ്ബ്, വലിയ ബട്ടൺ എന്നീ അഡാപ്റ്റീവ് ഉപകരണങ്ങൾ ഘടിപ്പിച്ച് ഇത്തരം കുഞ്ഞുങ്ങളുടെ ദൈനംദിന ജീവിതം കുറച്ചുകൂടി അനായാസമാക്കി തീർക്കാനാകുന്നു. പല പഠന ഉപകരണങ്ങൾക്കും രൂപഭേദം വരുത്തി ഇവരുടെ പ്രവർത്തന പാടവത്തിൽ വളരെയധികം മാറ്റം വരുത്താനായി പ്രയോജനപ്പെടുത്തുന്നു.

അതതു വിദഗ്ധർ നിർദ്ദേശിക്കുന്ന സഹായ ഉപകരണങ്ങൾ ഉപയോഗിക്കുന്നതു വഴി വീട്ടിലും, സമൂഹത്തിലും മറ്റു പ്രവർത്തന രംഗങ്ങളിലും പങ്കുചേരാനും, വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ മികച്ച പ്രകടനം കാഴ്ച്ച വയ്ക്കാനും ഈ കുഞ്ഞുങ്ങൾക്ക് സാധിക്കുന്നു. അതിലൂടെ അവരുടെ ആത്മവിശ്വാസം വർദ്ധിക്കുന്നു. എന്നാൽ ശരിയായ സമയത്ത് സഹായ ഉപകരണങ്ങൾ ഉപയോഗിച്ചില്ലെങ്കിൽ സന്ധികളുടെ ഘടനയിൽ വൈകല്യം സംഭവിക്കുകയോ പേശികൾ ദുർബലമാവുകയോ ചെയ്യാൻ സാധ്യതയുണ്ട്. ഇതുമൂലം ശരീരത്തിന്റെ പ്രവർത്തനശേഷി, ചലനങ്ങളുടെ സ്വാഭാവികത എന്നിവ മന്ദീഭവിക്കുന്നു.

---

തയ്യാറാക്കിയത് : നിഡാസ് ടീം, നിഷ്, തിരുവനന്തപുരം
കടപ്പാട് : മിസ്. ഷൈനി എം .റ്റി. (സീനിയർ ഫിസിയോതെറാപിസ്റ്റ്), മിസ്. നീതു തമ്പി എം. (ഒക്യുപേഷണൽ തെറാപ്പിസ്റ്റ്)
നിഷ്, തിരുവനന്തപുരം
കൂടുതൽ വിവരങ്ങൾക്ക് :
ഫോൺ : 0471–2944675 ഇമെയിൽ : cnidas@nish.ac.in

# ‘സഹജീവനം’

## കോവിഡ് 19 ഭിന്നശേഷി സഹായ കേന്ദ്രം സജ്ജമാക്കുന്നതിനുള്ള മാർഗ്ഗരേഖ

### ആമുഖം

കോവിഡ് 19 മഹാമാരി കാരണം സംസ്ഥാനത്തെ ഭിന്നശേഷി വിഭാഗങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും ഒരു വർഷത്തിലേറെയായി അടഞ്ഞു കിടക്കുകയാണ്. ഇവരിൽ ഭൂരിഭാഗവും സ്വന്തം കാര്യങ്ങൾക്ക് പോലും പൂർണമായും മറ്റുള്ളവരെ ആശ്രയിക്കുന്നവരാണ്. അതുകൊണ്ടു തന്നെ രക്ഷിതാക്കളിൽ പലരും ജോലിക്ക് പോകാൻ സാധിക്കാതെ ഇവരുടെ സംരക്ഷണത്തിനായി പൂർണ്ണ സമയവും വീടുകളിൽ തന്നെ കഴിയേണ്ട അവസ്ഥ സംജാതമാകുന്നു. ഇത്തരത്തിൽ വീടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നത് ഭിന്നശേഷിക്കാരിൽ പ്രത്യേകിച്ചും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരിൽ പലവിധ മാനസിക പ്രശ്നങ്ങളും സ്വഭാവ പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. ഇവരെ പരിചരിക്കുന്ന രക്ഷിതാക്കളിലും മാനസികമായ തളർച്ചയ്ക്ക് സാധ്യത കൂടുതലാണ്. ഇത് പലപ്പോഴും വൈകാരിക പ്രശ്നങ്ങൾക്കും കുട്ടികൾക്ക് നേരെയുള്ള അക്രമങ്ങൾക്കും കാരണമായി തീരുന്നതായി മനസ്സിലാക്കാം. ആയതിനാൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഒരുപോലെ മാനസിക പിരിമുറുക്കം ഒഴിവാക്കുന്നതിനുള്ള പിന്തുണ ലഭ്യമാക്കേണ്ടതുണ്ട്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ കൗൺസിലിംഗ് പോലുള്ള പ്രവർത്തനങ്ങൾ ഇവർക്കായി ഒരുക്കേണ്ടതുണ്ട്. തങ്ങൾ തനിച്ചല്ല ഒപ്പം മറ്റുള്ളവരും ഉണ്ടാവുമെന്നുള്ള വിശ്വാസം പിരിമുറുക്കം ഒഴിവാക്കി സമാധാനം നേടുന്നതിനു ഇവരെ സഹായിക്കും. ഇതിനായി സാമൂഹ്യനീതി വകുപ്പിൻറെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, വനിതാ ശിശുവികസനം, കുടുംബശ്രീ, സ്പെഷ്യൽസ്കൂൾ, ബഡ്സ് സ്കൂൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ സംസ്ഥാനത്താകെ ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള പദ്ധതി ബഹു.സംസ്ഥാന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പരിശോധിക്കുകയും, സർക്കാർ അനുമതി നൽകുകയും വാർത്താ സമ്മേളനത്തിൽ പദ്ധതി പ്രഖ്യാപിക്കുകയും ചെയതു.

### ലക്ഷ്യം

സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാരും അവരുടെ രക്ഷിതാക്കളും നേരിടുന്ന പ്രയാസങ്ങളിൽ നിന്നും മാനസിക പിരിമുറുക്കങ്ങളിൽ നിന്നും മുക്തി നേടുന്നതിന് സഹായം ഒരുക്കുക എന്നതാണ് ഭിന്നശേഷി സഹായ കേന്ദ്രം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതുവഴി രക്ഷിതാക്കൾക്കും കുട്ടികൾക്കും കൗൺസലിംഗ് ഉൾപ്പെടെയുള്ള സഹായങ്ങൾ ഉറപ്പുവരുത്താൻ സാധിക്കും.

ജില്ലാസാമൂഹ്യനീതി ഓഫീസർമാരുടെ നേതൃത്വത്തിൽ നാഷണൽ ട്രസ്റ്റ് ജില്ലാതല മോണിറ്ററിങ് കമ്മിറ്റിയുടെ ഏകോപനത്തിൽ എല്ലാ ബ്ലോക്കുകളിലും, പഞ്ചായത്തുകളിലും സഹായകേന്ദ്രം ആരംഭിക്കുന്നതാണ്. ടി സഹായ കേന്ദ്രങ്ങൾ അതാതു ജില്ലകളിലെ നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരമുള്ള ലോക്കൽ ലെവൽ കമ്മിറ്റികളുമായി ചേർന്ന് സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ, വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ, എസ്.എസ്. കെ ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ എന്നിവ കേന്ദ്രീകരിച്ചാണ് ആരംഭിച്ചിരിക്കുന്നത്.

ഇത് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 3500 വോളിയർമാർക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ് വഴി ഓൺലൈനായി പരിശീലനം നൽകി. പ്രസ്തുത പരിശീലനം ഭംഗിയായി നടപ്പിലാക്കുന്നതിനായി സംസ്ഥാന തലത്തിൽ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു റിസോഴ്സ് ഗ്രൂപ്പിനെ സജ്ജമാക്കിയിരുന്നു. അഞ്ച് ദിവസം നീണ്ടു നിന്ന പരിശീലനം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ശ്രീമതി. ഷീബ ജോർജ്ജ് ഐ.എ.എസ് നിർവ്വഹിച്ചു. നാഷണൽ ട്രസ്റ്റ് സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ ചെയർമാൻ ശ്രീ.ഡി.ജേക്കബ്, സമഗ്ര ശിക്ഷ കേരള സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ശ്രീ.എസ്.വൈ.ഷൂജ, കുടുംബശ്രീ സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ ശ്രീ. ജോമോൻ.കെ.ജെ, സാമൂഹ്യനീതി വകുപ്പ് ജോ.ഡയറക്ടർ ശ്രീമതി.എസ്. ജലജ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

## ഏകോപനവും മോണിറ്ററിങും

ജില്ലാ തലത്തിൽ നാഷണൽ ട്രസ്റ്റ് ജില്ലാതല മോണിറ്ററിങ് കമ്മിറ്റി ആണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് പഞ്ചായത്ത് തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ പഞ്ചായത്ത് വോളിയർമാർ ബ്ലോക്ക് സഹായ കേന്ദ്രങ്ങൾക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ബ്ലോക്ക് തലങ്ങളിൽ ഇത് ലോക്കൽ ലെവൽ കമ്മറ്റികളുടെ നേതൃത്വത്തിൽ ഏകോപിപിച്ച് ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് എത്തിക്കുകയും ജില്ലയിൽ നിന്നും റിപ്പോർട്ട് സംസ്ഥാനതലത്തിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് നൽകേണ്ടതുമാണ്. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് മറ്റു വകുപ്പുകളുടെ ഏകോപനം സാധ്യമാക്കേണ്ടതാണ്. ഇതിനായി നിലവിൽ ജില്ലകളിൽ സാമൂഹ്യ നീതി ഓഫീസർമാരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന നാഷണൽ ട്രസ്റ്റ് ജില്ലാ തല മോണിറ്ററിങ് കമ്മറ്റി താഴെ പട്ടികപ്പെടുത്തിയ പ്രകാരം മറ്റു വകുപ്പുകളുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി വിപുലീകരിക്കാവുന്നതാണ്.

- ജില്ലാ സാമൂഹ്യനീതി ഓഫീസർ – ചെയർപേഴ്സൺ
- എൽ.എൽ.സി കൺവീനർ – കൺവീനർ
- ജില്ലാ വനിതാ–ശിശു വികസന ഓഫീസർ – മെമ്പർ
- എസ്.എസ്.കെ ജില്ലാ പ്രോഗ്രാം ഓഫീസർ – മെമ്പർ
- സ്പെഷ്യൽ സ്കൂൾ സംഘടന പ്രതിനിധി – മെമ്പർ
- ബഡ്സ് സ്കൂൾ ചുമതലയുള്ള കുടുംബശ്രീ ജില്ലാ കോർഡിനേറ്റർ – മെമ്പർ
- പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പ്രതിനിധി – മെമ്പർ
- DMHP പ്രതിനിധി – മെമ്പർ
- SID പ്രതിനിധി – മെമ്പർ
- പാലിയേറ്റീവ് സൊസൈറ്റി പ്രതിനിധി – മെമ്പർ
- ജില്ലയിൽ ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് സന്നദ്ധ സംഘടന പ്രതിനിധികൾ (സാമൂഹ്യ നീതി ഓഫീസർ ശുപാർശ ചെയ്യുന്നവർ)

**സഹജീവനം സഹായ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ടാണ് നടപ്പിലാക്കുന്നത്.**

- ☐ സഹായ കേന്ദ്രത്തിലെ നടത്തിപ്പു ചുമതലയും ഏകോപനവും പൂർണമായും ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ നേതൃത്വത്തിലുള്ള നാഷണൽ ട്രസ്റ്റ് ആക്ട് ജില്ലാതല മോണിറ്ററിങ് കമ്മറ്റിക്ക് ആണ്.
- ☐ ഇതിന്റെ പ്രവർത്തനങ്ങൾ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല ലോക്കൽ ലെവൽ കമ്മറ്റികൾക്ക് ആയിരിക്കും.
- ☐ സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ, വി.റ്റി.സി-കൾ, ബി.ആർ.സി-കൾ (ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ) എന്നിവ കേന്ദ്രീകരിച്ച് ആയിരിക്കണം സഹായ കേന്ദ്രങ്ങൾ പ്രവർത്തിക്കേണ്ടത്.
- ☐ മുഴുവൻ ബ്ലോക്കിലും ഒന്ന് എന്ന രീതിയിൽ സഹായ കേന്ദ്രങ്ങൾ പ്രവർത്തിക്കണം. ആവശ്യമായ റിസോഴ്സ് ഉള്ള സ്പെഷ്യൽ സ്കൂൾ, ബഡ്സ് സ്കൂൾ, ബ്ലോക്ക് റിസോഴ്സ് സെന്റർ ( വിദ്യാഭ്യാസ വകുപ്പ്) എന്നിവയിൽ ഒരു സ്ഥാപനത്തെ ഈ ചുമതല ഏൽപ്പിക്കേണ്ടതാണ്. പ്രസ്തുത സ്ഥാപന മേധാവിയോ, അല്ലെങ്കിൽ ജില്ലാ തല സമിതി തീരുമാനിക്കുന്ന ആളോ ആയിരിക്കണം ഇതിന്റെ കോർഡിനേറ്റർ. കൂടാതെ MSW വിദ്യാർത്ഥികളെ ഡാറ്റ ശേഖരണത്തിനും അനുബന്ധ പ്രവർത്തന ങ്ങൾക്കും നിയോഗിക്കാവുന്നതാണ്.
- ☐ ഓരോ ബ്ലോക്ക് കേന്ദ്രങ്ങളിലും ചുരുങ്ങിയത് മൂന്ന് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ ഇതിനായി ചുമതലപ്പെടുത്തണം. ഇതിനായി സ്പെഷ്യൽ സ്കൂൾ,ബഡ്സ് സ്കൂൾ, എസ്.എസ്.കെ യുടെ കീഴിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ എഡ്യുക്കേറ്റർമാർ എന്നിവരെ നിയോഗിക്കാവുന്നതാണ്.
- ☐ മുഴുവൻ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റി കളിലും, കോർപ്പറേഷനുകളിലും ഭിന്നശേഷിസഹായ കേന്ദ്രങ്ങളെ സപ്പോർട്ട് ചെയ്യുന്നതിനായി നിലവിൽ ബഡ്സ് സ്കൂൾ, BRC കൾ എന്നിവ മുഖേനയും വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള BRC കൾ മുഖേന യും ഹെൽപ് ലൈൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇവ പ്രത്യേകമായി പ്രവർത്തിക്കാതെ "സഹജീവനം" പദ്ധതിയുമായി ഏകോപിച്ച് പ്രവർത്തിക്കേണ്ടതാണ്. എല്ലാ പഞ്ചായത്തുകളിലും ഇവ പ്രവർത്തനക്ഷമമാക്കുന്നതിനു ആവശ്യമായ വോളണ്ടിയർമാരെ സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ, വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ, എസ്.എസ്.കെ ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ എന്നിവയിൽ നിന്നും നിയോഗിക്കാവുന്നതാണ്.
- ☐ മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും അവയുടെ വലിപ്പത്തിനനുസരിച്ച് വോളണ്ടിയർ മാരുടെ എണ്ണത്തിൽ വർധനവ് വരുത്താവുന്നതാണ്.
- ☐ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും പ്രവർത്തിക്കുന്ന സഹായകേന്ദ്രങ്ങൾ ഭിന്നശേഷിക്കാരെ ഫോൺ ചെയ്ത് വിവരങ്ങൾ അന്വേഷിക്കേണ്ടതും, ദിവസം ചുരുങ്ങിയത് 5 പേരെയെങ്കിലും ഓരോ വോളണ്ടിയർമാരും ബന്ധപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
- ☐ ഇത്തരത്തിൽ ഫോൺ വഴി ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ ഇടപെടൽ ആവശ്യമുള്ളവരെ ബ്ലോക്ക് തല

കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി സഹായങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

- ☐ ഭിന്നശേഷിക്കാരുടെ മുഴുവൻ ഡാറ്റ ശേഖരണവും മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ട് ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ എൽ.എൽ.സി കൾക്ക് ലഭ്യമാക്കേണ്ടതും, എൽ.എൽ.സി അതാത് ബ്ലോക്ക് സഹായ കേന്ദ്രങ്ങൾക്ക് ആവശ്യമായ ഡാറ്റ ബേസ് ലഭ്യമാക്കേണ്ടതുമാണ്.
- ☐ വിദഗ്ധരുടെ ഫോളോ അപ്പ് ആവശ്യമുള്ള വിഷയങ്ങളിൽ കൗൺസിലിംഗ് ഉൾപ്പെടെയുള്ള സേവനം സ്വമനസ്സാലെ നൽകുവാൻ സന്നദ്ധതയുള്ള വിദഗ്ധരുടെ പാനൽ (സൈക്കോളജിസ്റ്റ്, തെറാപ്പിസ്റ്റുകൾ, സോഷ്യൽ വർക്കേഴ്സ്, മുതലായവർ) LLC കൾ തയ്യാറാക്കി ബ്ലോക്ക് തല സഹായ കേന്ദ്രങ്ങൾക്ക് ലഭ്യമാക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ സാധ്യമാക്കുകയും ചെയ്യേണ്ടതാണ്
- ☐ ഹെൽപ്പ് ലൈനിൽ പ്രവർത്തിക്കുന്ന വോളണ്ടിയേഴ്സിന് കീഴിൽ ഒരു സന്നദ്ധ ഗ്രൂപ്പ് ഉണ്ടാക്കി നിലവിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന RRT (Rapid Response Team) വോളണ്ടിയേഴ്സിനെ പോലെ സ്പെഷ്യൽ ആർ.ആർ.ടി ആയി പ്രവർത്തിക്കുന്നതിന് സാഹചര്യം ഒരുക്കുക യാണെങ്കിൽ, ഇവർക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് സാധിക്കും.
- ☐ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് തുടർപരിശീലനം ലഭ്യമാക്കുന്നതിന് ഇതിലൂടെ സാധിക്കേണ്ടതുണ്ട്.
- ☐ ഭിന്നശേഷികുടുംബങ്ങളുടെ ഓൺലൈൻ ഗ്രൂപ്പ് ഉണ്ടാക്കി മാസത്തിൽ ഒരു തവണയെങ്കിലും പ്രത്യേകമായ വിഷയങ്ങളിൽ ഓൺലൈൻ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് സാധിക്കണം.
- ☐ പഞ്ചായത്ത് തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് നിശ്ചിത ഫോർമാറ്റിൽ ബ്ലോക്ക് തല സഹായ കേന്ദ്രങ്ങൾക്ക് ലഭ്യമാക്കേണ്ടതുണ്ട്. ബ്ലോക്ക് തലത്തിൽ ലോക്കൽ ലെവൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ കൺസോളിഡേറ്റ് ചെയ്ത ഡാറ്റ ജില്ലാതല സമിതിയിൽ ലഭ്യമാക്കേണ്ടതാണ്.
- ☐ ഭിന്നശേഷിക്കാരുടെ കോവിഡ് അനുബന്ധ പ്രശ്നങ്ങൾപരിഹരിക്കുന്നതിനും അവർക്കാവശ്യമായ മറ്റു സഹായങ്ങൾ ലഭ്യമാക്കുന്നതിനുമായി പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന വാർ റൂമുകളിലേക്ക് ഒരു സ്പെഷ്യൽ ടീച്ചറുടെ സേവനം കൂടി ഉറപ്പുവരുത്തേണ്ടതും ടിയാൻ സഹായ കേന്ദ്രത്തിലെ വോളണ്ടിയർമാരുമായി നിരന്തര ബ ന്ധം പുലർത്തേണ്ടതുമാണ്.ഇതിനായി ജില്ലാതല കമ്മറ്റി കളക്ടർമാരുമായി ബന്ധപ്പെടേണ്ടതാണ്.
- ☐ സഹായ കേന്ദ്രത്തിലെ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കപ്പെടുന്ന വോളണ്ടിയർമാർക്ക് ആവശ്യമായ പരിശീലനം, ഡാറ്റാ ബേസ് തയ്യാറാക്കുന്നതിന് ആവശ്യമായ ഗൂഗിൾ ഡാറ്റാ ഷീറ്റ് എന്നിവ സാമൂഹ്യനീതി വകുപ്പ് ജില്ലകൾക്ക് നൽകുന്നതാണ്. ഇവരുടെ പരിശീലനത്തിനായി "കില" യുമായി ബന്ധപ്പെട്ട് പ്രവർത്തനം നടത്തുന്നതാണ്.
- ☐ ഹെൽപ്പ് ഡെസ്കിലൂടെ നൽകുന്ന സഹായവും പിന്തുണയും കാര്യക്ഷമമാക്കുന്നതിലേക്ക് വിവിധ സഹായങ്ങൾ എത്തിക്കാൻ കഴിയുന്ന ഏജൻസികളുടെ വിശദവിവരങ്ങൾ ബ്ലോക്ക് സഹായ കേന്ദ്രങ്ങൾ സൂക്ഷിക്കേണ്ടതാണ്.
- ☐ അത്യാവശ്യഘട്ടങ്ങളിൽ ചില കുടുംബങ്ങൾക്ക് ആവശ്യമായ മരുന്ന്, ആഹാരം എന്നിവ ലഭ്യമാക്കുന്നതിന് വാർ റൂമുകളുമായി ഇവരെ ബന്ധപ്പെടുത്തി വേണ്ട സഹായം ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
- ☐ വാർ റൂമുകളുമായി ബന്ധപ്പെട്ട് ചെയ്യാൻ സാധിക്കാതെ വരുന്ന ചില അവശ്യ സേവനങ്ങൾക്ക് പണം ചെലവാക്കേണ്ടതായി വന്നാൽ ജില്ലാതല മോണിറ്ററിങ് കമ്മിറ്റി പരിശോധിച്ചു ഉറപ്പുവരുത്തി ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് അനുവദിക്കുന്ന ഇംപ്രസ്റ്റ് തുകയിൽ നിന്നും ചെലവാക്കുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്. പരിരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കാൻ കഴിയുന്ന വിഷയങ്ങളിൽ പരിരക്ഷ ഫണ്ട് വിനിയോഗിക്കാ വുന്നതാണ്.
- ☐ പദ്ധതിയിൽ സന്നദ്ധ സംഘടനകളുടേയും മറ്റും സഹകരണം ഉറപ്പാക്കി ഭിന്നശേഷിക്കാരുടെ സംരക്ഷണം സാമൂഹ്യ ഉത്തരവാദിത്വം ആണെന്ന അവബോധം ഉണ്ടാക്കുന്നതിന് ശ്രമിക്കണം.
- ☐ മേൽപ്പറഞ്ഞ കാര്യങ്ങൾ കൂടാതെ ജില്ലകളുടെ പ്രത്യേക സാഹചര്യങ്ങൾ കൂടി പരിഗണിച്ച് മറ്റെന്തെങ്കിലും നടപടികൾ സ്വീകരിക്കേണ്ടതുണ്ട് എങ്കിൽ അവ ജില്ലാതല മോണിറ്ററിങ് കമ്മിറ്റിക്ക് തീരുമാനിക്കാവുന്നതാണ്.

**ഇടപെടൽ മേഖല:**

- ☐ ഭിന്നശേഷിക്കാരുടെയും കുടുംബത്തിന്റെയും മാനസികാരോഗ്യ സംരക്ഷണത്തിനായുള്ള കൗൺസിലിംഗ് സഹായസേവനങ്ങൾ എന്നിവ ഉറപ്പാക്കണം.
- ☐ കോവിഡ്, പ്രളയം പോലുള്ള പ്രകൃതിദുരന്തങ്ങൾ എന്നിവയിൽ നിന്നും സംരക്ഷണം ഉറപ്പു വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.
- ☐ ഭിന്നശേഷിക്കാരെ പരിചരിക്കുന്ന രക്ഷാകർത്താക്കൾ കോവിഡ് ബാധിതർ ആകുന്ന സാഹചര്യത്തിൽ


സുരക്ഷിതമായ താമസ സൗകര്യം ഉള്ള ഒരു സ്ഥാപനം കണ്ടെത്തി പ്രസ്തുത സ്ഥാപനത്തിൽ രക്ഷകർത്താക്കൾക്ക് രോഗവിമുക്തി ലഭിക്കുന്നത് വരെ ഭിന്നശേഷിക്കാരായവരെ പാർപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യാവുന്നതാണ്.

- ☐ ഭിന്നശേഷിക്കാർക്ക് സമയബന്ധിതമായി വാക്സിനേഷൻ ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ എടുക്കേണ്ടതാണ്
- ☐ മേൽ സാഹചര്യങ്ങളിൽ ആവശ്യമായ മരുന്ന് ഭക്ഷണം മുതലായവ ലഭ്യമാക്കുന്നതിന് സന്നദ്ധ പ്രവർത്തകരുടെയും സംഘടനകളുടെയും സേവനം ഉറപ്പു വരുത്തുക.
- ☐ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് മരുന്നും അനുബന്ധ സേവനങ്ങളും സൗജന്യമായി നൽകണമെന്നില്ല.
- ☐ സാമ്പത്തികപ്രയാസം നേരിടുന്നവർക്ക് സ്പോൺസർമാരെ കണ്ടെത്തി സേവനം ഉറപ്പുവരുത്തുന്നതിന് കമ്മിറ്റികൾക്ക് മുൻകൈയെടുത്ത് പ്രവർത്തിക്കാവുന്നതാണ്.
- ☐ ഹെൽപ്പ് ഡെസ്ക് പ്രവർത്തന സമയം രാവിലെ 9 മുതൽ വൈകീട്ട് 6 വരെ ആയി നിജപ്പെടുത്താവുന്നതാണ്.
- ☐ പഞ്ചായത്ത്തല കേന്ദ്രങ്ങളിൽ നിന്നും ഭിന്നശേഷിക്കാരെ ഫോണിൽ നേരിട്ട് ബന്ധപ്പെടേണ്ടതാണ്. ബ്ലോക്ക് തല കേന്ദ്രങ്ങളിൽ ഇങ്ങോട്ടുള്ള കോളുകൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതാണ്.
- ☐ തദ്ദേശ സ്വയംഭരണം, വിദ്യാഭ്യാസം (എസ്.എസ്.കെ), നാഷണൽ ഹെൽത്ത് മിഷൻ, വനിതാ - ശിശു വികസനം, കുടുംബശ്രീ തുടങ്ങിയ വകുപ്പുകളുമായി ഏകോപിച്ച് പ്രവർത്തനം സാധ്യമാക്കേണ്ടതാണ്.
- ☐ ഭിന്നശേഷിക്കാർക്കായി വിവിധ വകുപ്പുകൾ നൽകിവരുന്ന സേവനങ്ങൾ ലഭ്യമാക്കുന്നതിന് അപേക്ഷ എവിടെ, എങ്ങനെ നൽകണമെന്ന് മാർഗ്ഗ നിർദ്ദേശം നൽകിയാൽ മാത്രം മതിയാകും.
- ☐ വീടുകളിൽ നേരിട്ട് സന്ദർശനം നടത്തേണ്ടത് അത്യാവശ്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം എൽ എൽ സി യുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്.
- ☐ കോവിഡ് പശ്ചാത്തലത്തിൽ വിവിധ വിഭാഗം ഭിന്നശേഷിക്കാർക്കായി സമഗ്ര ശിക്ഷ കേരളം, കുടുംബശ്രീ, വനിതാ–ശിശു വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവർ നടത്തുന്ന പ്രത്യേക പരിപാടികൾ ഏകോപിപ്പിക്കാവുന്നതാണ്.
- ☐ എല്ലാ മാസവും 15–ാം തീയതി ഡാറ്റാ കൺസോളിഡേഷൻ നടത്തേണ്ടതും സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.




ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് അക്ഷീണം പ്രവർത്തിച്ചു വരുന്നു. RPwD ആക്ട് 2016, Chapter (III) സെക്ഷൻ 16 (1) പ്രകാരം ഭിന്നശേഷിക്കാർക്ക് കലാകായിക രംഗങ്ങളിൽ തുല്യത ഉറപ്പുവരുത്തുന്നതിനായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ മേഖലകളിൽ അഭിരുചിയും പ്രാവീണ്യവും ഉള്ള ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അവരുടെ കഴിവ്/കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തെ/ രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് 'ശ്രേഷ്ഠം'. കലാ–കായിക ഇനങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്ന ഭിന്നശേഷിക്കാരുടെ ഉന്നമനം ആണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഭിന്നശേഷിത്വം കാരണം സ്വന്തം കഴിവുകൾ, അഭിരുചികൾ എന്നിവ വികസിപ്പിക്കാൻ സാധിക്കാതെ വീട്ടിൽ ഒതുങ്ങിക്കഴിയുന്ന അവസ്ഥ ഒഴിവാക്കി, മികച്ച നേട്ടങ്ങൾ കൈവരിച്ച് അവരെ സമൂഹത്തിന്റെ ഭാഗമായി ഉയർത്തിക്കൊണ്ട് വരേണ്ടത് സർക്കാരിന്റെ കൂടി ഉത്തരവാദിത്വമാണ്.

ഇത്തരത്തിൽ മാത്രമേ ഭിന്നശേഷിക്കാരുടെ പൂർണ്ണ പങ്കാളിത്തത്തോട് കൂടെയുള്ള വികസിത സമൂഹം കെട്ടിപ്പടുക്കുന്നതിന് സാധിക്കുകയുള്ളൂ. വ്യത്യസ്ഥ കലാ –കായിക രംഗങ്ങളിൽ അഭിരുചിയുള്ളവർക്ക് രാജ്യത്തിനകത്തുള്ള പ്രശസ്ത സ്ഥാപനങ്ങളിൽ പരിശീലനം ഉറപ്പ് വരുത്തുന്നതിനായി ഒരു ജില്ലയിലെ കലാ മേഖലയിൽ നിന്നുള്ള 5 പേർക്കും കായിക മേഖലയിൽ നിന്നുള്ള 5 പേർക്കുമായി ആകെ 10 പേർക്ക് 10,000/– രൂപ വീതം ധന സഹായം അനുവദിക്കുന്നു.



# മറക്കാത്ത ജീവിതക്കാഴ്ച്ചകൾ

ശ്രീ.ബി.ശ്രീകുമാർ
ക്ലർക്ക്, സാമൂഹ്യനീതി വകുപ്പ്

1987 ൽ കൊല്ലം റെയിൽവേ പ്ലാറ്റ്ഫോമിൽ ഉണ്ടായ ഒരു സംഭവം ഇന്നും മായാത്ത ഒരു നൊമ്പര കാഴ്ചയായി സ്മൃതിപഥത്തിലേക്ക് കടന്നുവരുന്നു. പ്ലാറ്റ്ഫോമിലെ മീറ്റർ ഗേജ്ജ് ട്രാക്കിലേക്ക് ചെങ്കോട്ട വഴിയുള്ള ഒരു തീവണ്ടി കുലുങ്ങി കിതച്ച് വന്നു നിന്നു. അതിൽ നിന്നും നാടോടികളായ ഒരു കുടുബം ഇറങ്ങി. അച്ഛനും അമ്മയും മൂന്നു കുട്ടികളും. മൂത്തകുട്ടി അരയ്ക്കുതാഴെ തളർന്ന കുട്ടിയാണ് ആറ് വയസ്സ് ഉണ്ടാവും അടുത്ത കുട്ടിക്ക് അഞ്ച് വയസ് പ്രായം ഉണ്ടാകും. കണ്ണിന് കാഴ്ചയില്ല ഏറ്റവും ഇളയകുട്ടി പട്ടിണി കോലം ആയ അമ്മയുടെ ഒക്കത്തിരിക്കുകയാണ്, അവരുടെകൂടെ മദ്യപനായ, അച്ഛൻ എന്ന് തോന്നിക്കുന്ന ഒരാൾ എന്തോ ഭക്ഷണം കഴിച്ചുകൊണ്ട് നടന്നുവരുന്നു. ഭക്ഷണത്തിനായി കൈനീട്ടിയ ഇളയ കുട്ടിക്ക് അയാൾ കുറച്ച് ഭക്ഷണം നൽകുന്നു, മൂത്ത കുട്ടികൾ ഭക്ഷണത്തിനായി കൈനീട്ടിയെങ്കിലും അയാൾ അവർക്ക് അതിന്റെ ഒരു അംശം പോലും നൽകുന്നില്ല. കൂടാതെ കുട്ടികളെ അയാൾ തല്ലുന്നുമുണ്ട്. വ്യാഘ്രത്തെ കണ്ടതുപോലെ കുട്ടികൾ ഭയന്ന് പുറകിലേക്ക് മാറി. അവരുടെ മുഖത്തെ ഭയത്തിൻറെയും ദൈന്യതയുടെയും ഭാവങ്ങൾ വിവരിക്കാൻ കഴിയുന്നില്ല. അടുത്തുള്ള പെപ്പിൽ നിന്ന് കുട്ടികൾ വെള്ളം കുടിച്ചു ഇതിനിടയിൽ കുട്ടികളുടെ അമ്മയോട് അയാൾ എന്തോ പറഞ്ഞു അവർ അയാളോട് കയർക്കുകയും, നെഞ്ചിൽ ഇടിച്ചുകൊണ്ട് കരയുകയും മൂത്ത രണ്ട് കുട്ടികളെ ചേർത്ത് പിടിച്ച് മുത്തം നൽകി കരയുകയും ചെയ്തു, മൂത്തകുട്ടി അമ്മയുടെ കണ്ണീർ തുടച്ചു കൊണ്ട്, തമിഴിൽ എന്തോ പറഞ്ഞു, അന്ധനായ കുട്ടി തന്റെ ദുർബലമായ കൈകൊണ്ട് അമ്മയെ കെട്ടിപ്പിടിച്ചു കരഞ്ഞു.

തിരുവനതപുരത്ത് നിന്നും മീറ്റർ ഗേജ്ജ് പ്ലാറ്റ്ഫോമിലേക്ക് മെല്ലെ ഒരു തീവണ്ടി വന്നുനിന്നു. വടക്കേ ഇന്ത്യയിലേക്ക് പോകുന്ന ഏതൊ ഒരു വണ്ടിയാണ് അയാൾ കുട്ടികളെ അമ്മയിൽ നിന്നും അടർത്തിമാറ്റി, മൂത്ത 2 കുട്ടികളെ വണ്ടിയിലേക്ക് കയറ്റി നിർത്തി അവരോട് ഉള്ളിലേക്ക് പോകാൻ പറഞ്ഞു, കുട്ടികൾ തീവണ്ടിക്ക് ഉള്ളിലേക്ക് കയറി നിന്നു, അച്ഛനും അമ്മയും കേറുന്നതിലേക്കായി അന്ധനായ കുട്ടി വായുവിലേക്ക് കൈകൾ നീട്ടി അമ്മാ വാങ്കോ, വങ്കോ, എന്നു വിളിച്ചു. പ്ലാറ്റ്ഫോമിൽ ഇളയ കുട്ടിയെയും എടുത്തു നിന്ന അമ്മ ചെറുതായി വിങ്ങിപ്പൊട്ടുന്നുണ്ടായിരുന്നു എന്ന് എനിക്ക് തോന്നി. പിന്നീടാണ് എനിക്ക് കാര്യം മനസ്സിലായത് ആ കുട്ടികളെ ഉപേക്ഷിക്കുന്നതിനായി തന്ത്രപൂർവ്വം അയാൾ ചെയ്ത പദ്ധതിയായിരുന്നു അത്. ആ പാവം കുട്ടികൾ അച്ഛനുമമ്മയും തീവണ്ടിയിലേക്ക് ഇപ്പോൾ കയറും എന്ന് കരുതി പുറത്തേക്ക് നോക്കി. വണ്ടി പുറപ്പെടാൻ ചൂളം വിളിച്ചു തുടങ്ങി. നിസ്സഹായരായ കുട്ടികൾ പുറത്തേക്ക് നോക്കി അമ്മയും അച്ഛനും വണ്ടിയിൽ കയറിയില്ല, സ്വയം നെഞ്ചിലും, തലയിലും കൈകൊണ്ട് അടിച്ച് അലമുറയിട്ടു കൊണ്ട് തീവണ്ടിക്ക് പിറകെ ഓടിയ അമ്മയെ അയാൾ ബലമായി പിടിച്ചുനിർത്തി. അരയ്ക്കുതാഴെ തളർന്ന കുട്ടി ട്രെയിനിലെ വാതിലിനരികിൽ അന്ധനായ തന്റെ അനുജനെ ഒരു കൈകൊണ്ട് ചേർത്തു പിടിച്ചുകൊണ്ട് പുറത്തേക്ക് കൈനീട്ടി കരഞ്ഞു.............



# നല്ല നടപ്പ് സംവിധാനത്തെക്കുറിച്ചുള്ള താലൂക്ക് തല അവബോധ പരിപാടികൾ

കാസറഗോഡ് ജില്ലാ പ്രൊബേഷൻ ഓഫീസ് 2021 ജനുവരി മാസം മുതല് ജൂണ് മാസം വരെ നടത്തിയ വിവിധ പരിപാടികളുടെ റിപ്പോർട്ട്

### ആമുഖം

കേരളത്തിലെ പ്രൊബേഷൻ സംവിധാനം ശക്തിപ്പെടുത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട് പൊതു ജനങ്ങളിൽ നല്ല നടപ്പ് സംവിധാനത്തെക്കുറിച്ച് അവബോധം നൽകുന്നതിനും അവബോധ പരിപാടികൾ സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇതിന്റെ ഭാഗമായി 2020–21 സാമ്പത്തിക വർഷത്തിലെ കംപോണന്റ് 9–ൽ ഉൾപ്പെടുത്തി ജില്ലയിലെ വിവിധ താലൂക്കുകളിലുള്ള സ്റ്റേക്ക് ഹോൾഡേഴ്സ്, പാരാലീഗൽ വോളന്റിയേഴ്സ്,അഡ്വക്കേറ്റ്സ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, പോലീസ്, എക്സൈസ് ഉദ്യോഗസ്ഥർ, കോളേജ് വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുമായി യോജിച്ച് അവബോധ പരിപാടികൾ നടത്തിവരുന്നു. ഓരോ ജില്ലയിലും താലൂക്ക്തലത്തിൽ 3 അവബോധ പരിപാടികൾ നടത്താൻ ബഹു. സാമൂഹ്യനീതി ഡയറക്ടറുടെ 08/02/2021 തീയ്യതിയിലെ SJD/445/2021–SO നമ്പർ ഉത്തരവ് പ്രകാരം ഓരോ ജില്ലക്കും ഒരു താലൂക്ക് പരിപാടിക്ക് 10000/– രൂപ നിരക്കിൽ 30000/– രൂപയും അനുവദിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാസറഗോഡ് ജില്ലാ നിയമ സഹായ അതോറിറ്റിയുമായിയുമായും, (DLSA), നെഹ്റു യുവകേന്ദ്രയുമായും സഹകരിച്ച് വിവിധ താലൂക്കുകളിൽ പ്രൊബേഷൻ സംവിധാനങ്ങളെക്കുറിച്ച് താലൂക്ക്തല അവബോധ പരിപാടികൾ നടത്താൻ തീരുമാനിക്കുകയും ചെയ്തു

### ഹോസ്ദുർഗ് താലൂക്ക്തല അവബോധ പരിപാടി

താലൂക്ക്തല അവബോധ പരിപാടിയുടെ ആദ്യ പരിപാടി ഹോസ്ദുർഗ് താലൂക്കിൽ ജില്ലാ നിയമ സഹായ അതോറിറ്റിയുടേയും നെഹ്റു യുവകേന്ദ്രയുടേയും ഗ്രീൻ സ്റ്റാർ ആർട്സ് ആൻഡ് സ്ഫോർട്സ് ക്ലബ്ബ് ,സൌത്ത് ചിത്താരിയുടേയും സംയുക്താഭിമുഖ്യത്തിൽ സൌത്ത് ചിത്താരിയിലുള്ള ഹോട്ടൽ ബംഗ്ലാവിൽ വെച്ച് നടത്തി.. ജില്ലാ സാമൂഹ്യനീതി ഓഫീസർ ശ്രീമതി.ഷീബ മുംതാസ് സി.കെ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ. "നല്ല നടപ്പ് നിയമം–പ്രയോജനങ്ങൾ, സാധ്യതകൾ", "പ്രൊബേഷൻ ഓഫീസുകൾ വഴി നടപ്പിലാക്കുന്ന വിവിധ ധനസഹായ പദ്ധതികൾ" എന്നീ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ എടുത്തു. 60 ആളുകൾ പങ്കെടുത്ത ഈ പരിപാടി കൃത്യം 5 മണിക്ക് സമാപിച്ചു.

### വെള്ളരിക്കുണ്ട് താലൂക്ക്തല അവബോധ പരിപാടി

നെഹ്റു യുവകേന്ദ്രയുടേയും ആയന്നൂർ യുവശക്തി പബ്ലിക്ക് ലൈബ്രറിയുടേയും സംയുക്താഭിമുഖ്യത്തിൽ വെള്ളരിക്കുണ്ട് താലൂക്ക്തല അവബോധ പരിപാടി ആയന്നൂർ യുവശക്തി പബ്ലിക്ക് ലൈബ്രറിയിൽ വെച്ച് സംഘടിപ്പിച്ചു. "നല്ല നടപ്പ് നിയമം–പ്രയോജനങ്ങൾ സാധ്യതകൾ", "പ്രൊബേഷൻ ഓഫീസുകൾ വഴി നടപ്പിലാക്കുന്ന വിവിധ ധനസഹായ പദ്ധതികൾ" എന്നീ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ എടുത്തു. പരിപാടിയിൽ 91 ആളുകൾ പങ്കെടുത്തു.

### കാസറഗോഡ് താലൂക്ക്തല അവബോധ പരിപാടി

കാസറഗോഡ് താലൂക്ക്തല അവബോധ പരിപാടി ജില്ലാ നിയമ സഹായ അതോറിറ്റിയുടേയും ബെറ്റർ ലൈഫ് ഫൌണ്ടഷന്റേയും സംയുക്താഭിമുഖ്യത്തിൽ കാസറഗോഡ് പുതിയ ബസ് സ്റ്റാന്റിലുള്ള ഗോൾഡൻ ആർക്കേഡിൽ സംഘടിപ്പിച്ചു. 67 പേർ പങ്കെടുത്ത പരിപാടിയിൽ "നല്ല നടപ്പ് നിയമം–പ്രയോജനങ്ങൾ സാധ്യതകൾ", "പ്രൊബേഷൻ ഓഫീസുകൾ വഴി നടപ്പിലാക്കുന്ന വിവിധ ധനസഹായ പദ്ധതികൾ" എന്നീ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ എടുത്തു.

### നേർവഴി-ആശ്വാസം കിറ്റ് വിതരണോദ്ഘാടനം

കോവിഡ് സാഹചര്യത്തിൽ സാമൂഹത്തിന്റെ പിന്തുണയില്ലാതെ ജീവിക്കാൻ പ്രയാസപ്പെടുന്ന പ്രൊബേഷണർമാർ, മുൻ തടവുകാർ, നേർവഴി പദ്ധതി ഗുണഭോക്താക്കൾ എന്നിവർ സർക്കാറിന്റെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗമാണെന്ന് നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പ്രൊബേഷൻ ഓഫീസ് ബെറ്റർ ലൈഫ് ഫൌണ്ടേഷന്റെ സഹകരണത്തോടെ നിർധനരായ 25 കുടുംബങ്ങളിൽ അരിയും പലവ്യഞ്ജനങ്ങളും കോവിഡ്–19 പ്രതിരോധ സാമഗ്രികളും അടങ്ങിയ 19 ഇനം ആരോഗ്യ–പോഷക കിറ്റുകളുടെ വിതരണം നടത്തി.




ഈ വാർത്താപത്രികയെക്കുറിച്ചുള്ള നിങ്ങളുടെ
അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
sjdsuneethi@gmail.com
എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കുക.




Printed at Sree Chitra Home, Thiruvananthapuram, Copies: 1000
For subscription enquiries, contact: Director, Directorate of Social Justice, Vikas Bhavan, Thiruvananthapuram-695033
Ph: 0471- 2306040, E-mail: sjdsuneethi@gmail.com